കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

# വാർഷിക റിപ്പോർട്ട്

## 2016-17

## ഉള്ളടക്കം


| അദ്ധ്യായം | | പേജ് |
|---|---|---|
| 1 | ആമുഖം | 1 |
| 2 | കമ്മീഷൻ യോഗങ്ങൾ | 4 |
| 3 | കമ്മീഷന്റെ പ്രവർത്തനങ്ങൾ | 5 |
| 4 | കമ്മീഷന്റെ ക്യാമ്പ് സിറ്റിങ്ങുകൾ | 19 |
| 5 | ആഘോഷങ്ങൾ | 20 |
| 6 | കമ്മീഷന്റെ വരവ് ചെലവ് കണക്കുകൾ | 21 |
| 7 | കമ്മീഷൻ കേരള സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശുപാർശകൾ/റിപ്പോർട്ടുകൾ | 23 |
| 8 | ഉപസംഹാരം | 35 |

അദ്ധ്യായം 1

# ആമുഖം

2014ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 18-ാം വകുപ്പ് പ്രകാരമുള്ള 2016-17 സാമ്പത്തിക വർഷത്തിലെ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ വിവരം നൽകുന്ന വാർഷിക റിപ്പോർട്ടാണിത്. 1-4-2016 മുതൽ 31-3-2017 വരെയുള്ള പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചിരിക്കുന്ന ഈ റിപ്പോർട്ട് കമ്മീഷന്റെ നാലാമത് വാർഷിക റിപ്പോർട്ടാണ്. കമ്മീഷന്റെ 1.4.2015 മുതൽ 31.3.2016 വരെയുള്ള പ്രവർത്തനം സംബന്ധിച്ച മൂന്നാമത് വാർഷിക റിപ്പോർട്ട് 2017 ഏപ്രിൽ മാസം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ഇൻഡ്യയിലെ മതന്യൂനപക്ഷവിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുവാനും ഭരണഘടനയും പാർലമെന്റും സംസ്ഥാന നിയമസഭകളും ന്യൂനപക്ഷ സംരക്ഷണത്തിനും സമഗ്രവികസനത്തിനും രൂപം നൽകിയിട്ടുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്താനുമായിട്ടാണ് 1992 ലെ നാഷണൽ കമ്മീഷൻ ഫോർ മൈനോറിട്ടീസ് ആക്ട് പ്രകാരം ദേശീയ ന്യൂനപക്ഷ കമ്മീഷന് കേന്ദ്രസർക്കാർ രൂപം നൽകിയത്. മുസ്‌ലിം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധിസ്റ്റ്, പാർസി, ജൈനർ എന്നീ വിഭാഗങ്ങളാണ് ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടുന്നത്.

കേരളത്തിലെ മതന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, തൊഴിൽ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി ഒരു സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് 2013 മേയ് 15-ാം തീയതിയിലെ 1350-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം "2013 ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് (2013 ലെ 37-ാം നമ്പർ ഓർഡിനൻസ്) കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ സംസ്ഥാന നിയമസഭയിൽ നിശ്ചിതസമയപരിധിക്കുള്ളിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാൽ ടി ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013 ജൂലായ് 19-ാം തീയതിയിലെ 2105-ാം നമ്പർ അസാധാരണ ഗസറ്റ് പ്രകാരം 2013 ലെ 44-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, സംസ്ഥാന നിയമസഭയിൽ ബിൽ അവതരിപ്പിക്കുകയും സഭയുടെ അംഗീകാരത്തോടെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട്, 2014 (2014 ലെ 5-ാം ആക്ട്) 2014 ഫെബ്രുവരി 13-ലെ 495-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയുമു

ണ്ടായി. പ്രസ്തുത ആക്ട് പ്രകാരമാണ് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്.

വിപുലമായ അധികാരങ്ങളും ചുമതലകളുമാണ് കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ളത്. സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും, ഭാഷാപരവുമായുള്ള അവകാശങ്ങളും, സംരക്ഷണ വ്യവസ്ഥകളും, ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും, തെളിവെടുപ്പ് നടത്തുകയും പരിഹാരനടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക തുടങ്ങി ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന ഒട്ടു മിക്കവിഷയങ്ങളിലും കമ്മീഷന് നേരിട്ടിടപെട്ട് പരിഹാരം നിർദ്ദേശിക്കാവുന്നതാണ്. ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ വിനിയോഗിക്കാവുന്നതാണ്. സംസ്ഥാനത്തിന്റെ ഏത് ഭാഗത്ത് നിന്നും, ഏതൊരാളെയും വിളിച്ചുവരുത്തുകയും, ഹാജരാകുന്നത് ഉറപ്പുവരുത്തുകയും ചെയ്യാവുന്നതാണ്. മാത്രമല്ല അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട രേഖകൾ പിടിച്ചെടുക്കാനും അധികാരമുണ്ട്.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 3-ാം വകുപ്പിന് കീഴിലെ 2-ാം വകുപ്പു പ്രകാരം ന്യൂനപക്ഷ കമ്മീഷന്റെ അംഗബലം ഒരു ചെയർമാൻ, രണ്ട് അംഗങ്ങൾ ഉൾപ്പടെ മൂന്നു പേരാണ്. രണ്ടംഗങ്ങളിൽ ഒരാൾ വനിതയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 4-ാം വകുപ്പിന് കീഴിലെ 1-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും കാലാവധി ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമാണ്. റിപ്പോർട്ട് കാലയളവിന്റെ തുടക്കത്തിൽ 10-6-2013ന് ചുമതലയേറ്റ കമ്മീഷൻ ആയിരുന്നു ഉണ്ടായിരുന്നത്. ടി കമ്മീഷന്റെ കാലാവധി 9.6.2016-ൽ അവസാനിച്ചു. 9.06.2016-ൽ കാലാവധി അവസാനിച്ച കമ്മീഷന്റെ ഘടന ചുവടെ ചേർക്കുന്നു.

1. ചെയർമാൻ : അഡ്വ. എം വീരാൻകുട്ടി
2. മെമ്പർ : അഡ്വ. വി വി ജോഷി
3. മെമ്പർ : അഡ്വ. കെ.പി മറിയുമ്മ

2016 സെപ്റ്റംബർ മാസത്തിലെ 1687 -ാം നമ്പർ കേരള സർക്കാർ വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ച 27/9/2016 ലെ സ.ഉ.(പി) നം 20/2016/പൊ.ഭ.വ പ്രകാരം സർക്കാർ പുതിയ കമ്മീഷനെ നിയമിച്ചു. നിലവിലെ കമ്മീഷൻ 05/10/2016 ന് ചുമതലയേറ്റു. റിപ്പോർട്ട് കാലയളവിലെ കമ്മീഷന്റെ ഘടന ചുവടെ ചേർക്കുന്നു.

1. പി.കെ. ഹനീഫ : ചെയർമാൻ
(റിട്ടേർഡ് ജില്ലാ ജഡ്ജി)
2. അഡ്വ. ബിന്ദു എം തോമസ് : അംഗം
(മറ്റൊരു അംഗത്തെ റിപ്പോർട്ട് കാലയളവിന് ശേഷമാണ് നിയമിച്ചിട്ടുള്ളത്)

**1.1 ഭരണ വിഭാഗം**

കമ്മിഷനും അതിന്റെ ഭരണ വിഭാഗവും തിരുവനന്തപുരം, ശാസ്തമംഗലം റ്റി. സി. 9/1023 (2) 'ആഞ്ജനേയ' എന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിച്ചു വരുന്നു. മെമ്പർ സെക്രട്ടറിയാണ് കമ്മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. കമ്മിഷന്റെ ഭരണ വിഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. മെമ്പർ സെക്രട്ടറി | – | 1 |
| 2. രജിസ്ട്രാർ | – | 1 |
| 3. ഫിനാൻസ് ആഫീസർ | – | 1 |
| 4. സെക്ഷൻ ആഫീസർ | – | 1 |
| 5. അസിസ്റ്റന്റ് | – | 2 |
| 6. ജൂനിയർ അസിസ്റ്റന്റ് / ലോവർ ഡിവിഷൻ ക്ലാർക്ക് | – | 2 |
| 7. പേഴ്സണൽ അസിസ്റ്റന്റ് | – | 1 |
| 8. ആഫീസ് അറ്റൻഡന്റ് കം- ഡ്രൈവർ | – | 2 |
| 9. പാർട്ട് ടൈം സ്വീപ്പർ | – | 1 |

ഗവൺമെന്റ് പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ വി.എ മോഹൻലാൽ മെമ്പർ സെക്രട്ടറിയായി 26.11.2015-ാം തിയതി ചുമതലയേൽക്കുകയും 30.6.2016 വരെ തുടരുകയും ചെയ്തു. പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. ജി.രാംപ്രകാശ് 1/7/2016 ന് മെമ്പർ സെക്രട്ടറിയായി ചുമതലയേൽക്കുകയും 30/12/2016 വരെ തുടരുകയും ചെയ്തു. പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി ബിന്ദു തങ്കച്ചി എം.കെ 31/12/2016 -ൽ മെമ്പർ സെക്രട്ടറിയായി ചുമതലയേൽക്കുകയും റിപ്പോർട്ട് കാലയളവിൽ തുടരുകയും ചെയ്യുന്നു. ഗവൺമെന്റ് പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ. കെ.ബി പ്രേമചന്ദ്രൻ 3.1.2014ന് രജിസ്ട്രാറായി ചുമതലയേൽക്കുകയും 9/5/2016 വരെ തുടരുകയും ചെയ്തു. പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീമതി. ഇ.നസീമ 30.6.2016 ൽ രജിസ്ട്രാറായി ചുമതലയേൽക്കുകയും റിപ്പോർട്ട് കാലയളവിലും തുടരുകയും ചെയ്യുന്നു. ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീമതി പി.എം. സബീഹ കമ്മീഷനിൽ ഫിനാൻസ് ആഫീസറായി 1.7.2014 ൽ ചുമതലയേൽക്കുകയും 30.6.2016 വരെ തുടരുകയും ചെയ്തു. ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ പി.എസ്. സുധീർ 26.9.2016 ൽ ഫിനാൻസ് ആഫീസറായി ചുമതലയേൽക്കുകയും റിപ്പോർട്ട് കാലയളവിലും തുടരുന്നു.

അദ്ധ്യായം 2

# കമ്മീഷൻ യോഗങ്ങൾ

കമ്മീഷൻ ആക്ടിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സണ് യുക്തമെന്ന് കരുതുന്ന സമയത്തും സ്ഥലത്തും, ആവശ്യമായി വരുമ്പോഴെല്ലാം കമ്മീഷൻ യോഗം ചേരാൻ നിർദ്ദേശിക്കുന്നുണ്ട്. ചുരുങ്ങിയത് മൂന്നു മാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരുവാനും നിഷ്കർഷിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ (1.4.2016 മുതൽ 31.3.2017 വരെ) 10(പത്ത്) തവണ കമ്മീഷൻ യോഗം ചേർന്നിട്ടുണ്ട്.

സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ-സാമൂഹിക- സാമ്പത്തിക-തൊഴിൽപരമായ പുരോഗതിക്ക് ഉതകുന്ന ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നതിന് കമ്മീഷൻ റിപ്പോർട്ട് കാലയളവിൽ ഒരു തവണ ബഹു. മുഖ്യമന്ത്രി, നാലു തവണ വീതം ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, വ്യവസായ വകുപ്പ് മന്ത്രി എന്നിവരെ കാണുകയും ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ അവസ്ഥകളെക്കുറിച്ച് ബോധ്യപ്പെടുത്തുകയും, പ്രസ്തുത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ സ്വീകരിക്കേണ്ട നടപടികൾ ശുപാർശ ചെയ്യുകയും ചെയ്തു. കൂടാതെ ഒരു തവണ കേന്ദ്ര ന്യൂനപക്ഷ കമ്മീഷനെ സന്ദർശിക്കുകയും ചെയ്തു.

## അദ്ധ്യായം 3

# കമ്മീഷന്റെ പ്രവർത്തനങ്ങൾ

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 9-ാം വകുപ്പ് പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ സാദ്ധ്യമായിട്ടുള്ള എല്ലാ നടപടികളും റിപ്പോർട്ട് കാലയളവിലും സ്വീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങൾ അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുകയും ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനാപരമായും നിയമപരമായും ലഭിക്കുന്ന അവകാശങ്ങളെയും സംരക്ഷണ വ്യവസ്ഥകളേയുംപറ്റി അവരെ ബോധവാൻമാരാക്കുകയും ചെയ്യുക എന്നതാണ് കമ്മീഷന്റെ പ്രധാന കർത്തവ്യം. ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പരാതികളാണ് കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നതെങ്കിലും മറ്റു വിഷയങ്ങളെ സംബന്ധിച്ച പരാതികളും കമ്മീഷന്റെ പരിഗണനയ്ക്കായി ലഭിച്ചു വരുന്നുണ്ട്. 2016-17 കാലയളവിൽ ആകെ **219** പരാതികൾ കമ്മീഷനിൽ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളുടെയും തീർപ്പാക്കിയ പരാതികളുടെയും പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

**പട്ടിക 1**

| ലഭിച്ച പരാതികളും തീർപ്പാക്കിയവയും | | |
|---|---|---|
| വർഷം | ലഭിച്ച പരാതികൾ | തീർപ്പാക്കിയ പരാതികൾ |
| 2016-17 | 219 | 93 |

മുൻ വർഷങ്ങളിൽ തീർപ്പാക്കാൻ ശേഷിച്ച പരാതികളിൽ നിരവധി പരാതികൾ റിപ്പോർട്ട് കാലയളവിൽ തീർപ്പാക്കിയിട്ടു്.

**പട്ടിക 2**

| മുൻവർഷങ്ങളിൽ ശേഷിച്ചവയിൽ തീർപ്പാക്കിയ പരാതികൾ |
|---|
| 351 |

**പട്ടിക 3**

| പരാതി സമർപ്പിച്ചവരുടെ മതം അടിസ്ഥാനമാക്കിയുള്ള പരാതി വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| വർഷം | ആകെ ലഭിച്ച പരാതികൾ | മുസ്ലിം | ക്രിസ്ത്യൻ | ബുദ്ധർ | ജൈനർ | മറ്റുള്ളവ |
| 2016-17 | 219 | 151 | 61 | 0 | 1 | 6 |

**പട്ടിക 4**

| പരാതി സമർപ്പിച്ചവരുടെ ലിംഗാധിഷ്ഠിത തരംതിരിവ് | | | | |
|---|---|---|---|---|
| വർഷം | ആകെ ലഭിച്ച പരാതികൾ | പരാതി സമർപ്പിച്ചവർ | | മറ്റുള്ളവ (സംഘടനകൾ/ സ്ഥാപനങ്ങൾ/ സ്വമേധയാ) |
| | | പുരുഷൻമാർ | സ്ത്രീകൾ | |
| 2016-17 | 219 | 144 | 68 | 7 |

**പട്ടിക 5**

പരാതിയിലെ വിഷയം

| | പരാതി | എണ്ണം |
|---|---|---|
| 1 | മതപരമായ അവകാശ സംരക്ഷണം | 58 |
| 2 | ജീവനും സ്വത്തിനും സംരക്ഷണം | 46 |
| 3 | പോലിസ് അതിക്രമം | 24 |
| 4 | സാമ്പത്തിക അവകാശം | 11 |
| 5 | തൊഴിൽ പരമായ സംഗതികൾ | 31 |
| 6 | വിദ്യാഭ്യാസം/സ്കോളർഷിപ്പ് | 07 |
| 7 | സർവ്വീസ് കാര്യങ്ങൾ | 18 |
| 8. | മറ്റുള്ളവ | 24 |
| | **ആകെ** | **219** |

കമ്മീഷന്റെ പ്രവർത്തനത്തെ പൊതുവിൽ മൂന്ന് വിഭാഗങ്ങളായി തിരിക്കാം.

1) **പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ**
2) **സ്വമേധയാ സ്വീകരിക്കുന്ന നടപടികൾ**
3) **പ്രശ്നങ്ങൾ പഠിക്കുന്നതിന് കമ്മീഷൻ നടത്തുന്ന സ്ഥല സന്ദർശനങ്ങൾ/ ജില്ലാതല യോഗങ്ങൾ**

**3.1 പരാതികളിൽ സ്വീകരിച്ച നടപടികൾ**

ഒരു പരാതി ലഭിച്ചാൽ, കമ്മീഷൻ പ്രസ്തുത പരാതി പരിശോധിക്കുകയും ആയതിന്മേൽ കമ്മീഷൻ തലത്തിൽ തുടർ നടപടികൾ ആവശ്യമുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. കമ്മീഷന്റെ ഇടപെടൽ ആവശ്യമുണ്ടെന്ന് കാൽ പരാതി സംഗതിയിൻമേൽ ബന്ധപ്പെട്ട അധികാര സ്ഥാനത്തിന്റെ/വ്യക്തിയുടെ അഭിപ്രായമോ റിപ്പോർട്ടോ തേടുന്നു. പ്രസ്തുത

പരാതിയ്ക്ക് പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട അധികാര സ്ഥാനത്തിനോ വ്യക്തിക്കോ നിർദേശങ്ങൾ നൽകേതുന്നെ് കമ്മീഷന് ബോധ്യപ്പെട്ടാൽ ഉചിതമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊ് ഒരു ഉത്തരവ് പുറപ്പെടുവിക്കും മുമ്പ് പരാതിക്കാരനെയും ബന്ധപ്പെട്ട അധികാര സ്ഥാനത്തെയും ബാധിക്കാനിടയുള്ള വ്യക്തികളെയും നേരിൽ കേൾക്കുകയും ഇതുമായി ബന്ധപ്പെട്ട സർവ്വരേഖകളും റിക്കാർഡുകളും, റിപ്പോർട്ടുകളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ കമ്മീഷന് യുക്തമെന്ന് തോന്നുന്ന പക്ഷം പരാതി സംഗതികളിൽ കമ്മീഷൻ സ്ഥലസന്ദർശനം നടത്തി വിവരങ്ങൾ നേരിട്ട് മനസ്സിലാക്കുകയും ചെയ്യുന്നു.

റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ പരിഗണിച്ച ചില പ്രധാന ഹർജികളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

### 3.1.1 പിന്നോക്ക ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഹയർ സെക്കറി അഡ്മിഷന് സംവരണം ഉറപ്പാക്കുന്നത് സംബന്ധിച്ച്

ഹയർ സെക്കന്ററി വിദ്യാർഥികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിനായി എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ സംവരണം ചെയ്തിട്ടുള്ള കമ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനരീതി നിലവിൽ പലർക്കും അർഹമായ അവകാശം നിഷേധിക്കുന്ന രീതിയിലാണ് നടക്കുന്നതെന്ന് പരാതിപ്പെട്ട് കമ്മീഷനിൽ അപേക്ഷ ലഭിച്ചു. ഏകജാലക സംവിധാനത്തിലെ അവസാന അലോട്ട്മെന്റിനോടനുബന്ധിച്ച് ഡയറക്ടറേറ്റിൽനിന്നും നൽകുന്ന ലിങ്കിലൂടെ ഓരോ സ്കൂളിൽ നിന്നുമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിലാണ് കമ്യൂണിറ്റി റാങ്ക്ലിസ്റ്റ് ജനറേറ്റ് ചെയ്യപ്പെടുന്നത്. എന്നാൽ ചില മാനേജ്മെന്റുകളോ ജീവനക്കാരോ അവരുടെ താൽപര്യത്തിനനുസരിച്ച് ഇതിനെ ദുരുപയോഗം ചെയ്യുന്നു്. അവസാന ജനറൽ അലോട്ട്മെന്റിൽ താൽപര്യാനുസരണമുള്ള സ്കൂളോ കോഴ്സോ ലഭിക്കാത്ത വിദ്യാർഥി കമ്മൂണിറ്റി ക്വാട്ടയിൽ ലഭിക്കുന്ന സ്കൂളോ കോഴ്സോ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഇത് ജനറൽ സീറ്റിൽ ധാരാളം ഒഴിവുകളുാക്കുന്നു. ഇതിലേക്ക് ക്ലാസ്/സ്കൂൾ ട്രാൻസ്ഫർ വഴി അഡ്മിഷൻ നടത്തുകയും ശേഷിക്കുന്ന സീറ്റിലേക്ക് അപേക്ഷ പുതുക്കി വാങ്ങിയുമാണ് പ്രവേശനം നടത്തുന്നത്. ഈ പ്രക്രിയയിൽ കമ്യൂണിറ്റി അഡ്മിഷൻ വാങ്ങിയ കുട്ടികൾ പരിഗണിക്കപ്പെടുന്നില്ല. കമ്യൂണിറ്റി സീറ്റിൽ പ്രവേശനം ലഭിച്ചതോടെ ഏകജാലകത്തിൽനിന്ന് അവർ ഒഴിവാക്കപ്പെടുന്നതാണ് ഇതിന് കാരണമാകുന്നത്. താരതമ്യേന മെച്ചപ്പെട്ട സ്കൂളോ കോഴ്സോ ആഗ്രഹിച്ച കുട്ടിക്ക് ഇത്തരത്തിൽ സീറ്റ് നിഷേധിക്കുമ്പോൾ

തന്നെക്കാൾ മാർക്ക് കുറഞ്ഞ, താരതമ്യേന മോശമായ സ്കൂളിൽ ചേർന്നതോ സീറ്റ് ലഭിക്കാത്തതോ ആയ കുട്ടികൾ ഇത്തരം സീറ്റുകളിൽ പ്രവേശനം ലഭിക്കുന്നത് കടുത്ത നീതി നിഷേധം തന്നെയാണ്. ഗവ. സ്കൂളിലെ കമ്യൂണിറ്റി തിരിച്ചുള്ള റിസർവേഷൻ സീറ്റിലേക്ക് പ്രവേശനം നടത്തുന്നതുപോലെ എയ്ഡഡ് സ്കൂളിലും പ്രവേശനം പൂർണമായും (കമ്യൂണിറ്റി ക്വാട്ട ഉൾപ്പടെ) ഏകജാലക സംവിധാനത്തിലൂടെ ആക്കുക എന്നതാണ് ഇതിനുള്ള ഏക പോംവഴി. നിലവിലുള്ള സംവിധാന പ്രകാരം കമ്യൂണിറ്റി ക്വാട്ടയിലേക്ക് പ്രത്യേകം അപേക്ഷ നൽകണം. ഈ കാര്യം അറിയാത്ത ധാരാളം വിദ്യാർഥികൾ അപേക്ഷ യഥാസമയം സമർപ്പിക്കാൻ സാധിക്കാതെ വരുന്നതിനാൽ പ്രസ്തുത വിദ്യാർഥികൾക്ക് അർഹമായ അവസരം നഷ്ടപ്പെടുന്നു. ഇതിന് ഒരു പരിഹാരം കമ്യൂണിറ്റി ക്വാട്ട അഡ്മിഷൻ ഏകജാലക സംവിധാനത്തിലുൾപ്പെടുത്തുക എന്നതാണ്. അടുത്ത അധ്യയന വർഷം മുതൽ കമ്യൂണിറ്റി ക്വാട്ട ഏകജാലക സംവിധാനത്തിലൂടെ നടപ്പാക്കാൻ (ഗവ. സ്കൂളിലെ റിസർവേഷൻ സീറ്റിലേക്ക് പ്രവേശനം നടത്തുന്നതുപോലെ) ഉത്തരവിടണമെന്ന് അഭ്യർത്ഥിച്ചുകൊ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അഭ്യർത്ഥിച്ചു.

പ്രസ്തുത പരാതിയിന്മേൽ ഹയർ സെക്കറി ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടുകൾ വരുത്തി പരിശോധിച്ചശേഷം കമ്മീഷൻ താഴെ പറയുന്ന സുപ്രധാന ഉത്തരവ് പുറപ്പെടുവിച്ചു.

അടുത്ത അധ്യയന വർഷം മുതൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ന്യൂനപക്ഷ/പിന്നോക്ക സമുദായക്കാർ നടത്തുന്ന എയ്ഡഡ് സ്കൂളുകളിൽ 20 ശതമാനം അതത് സമുദായത്തിലെ അപേക്ഷകർക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ലഭ്യമായ കമ്യൂണിറ്റി ക്വാട്ടയിലേക്ക് ഗവ. സ്കൂളുകളിലെ റിസർവേഷൻ സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതുപോലെ മേൽപറഞ്ഞ എയ്ഡഡ് സ്കൂളുകളിലും പ്രവേശനം പൂർണമായും (കമ്യൂണിറ്റി ക്വോട്ട ഉൾപ്പടെ) ഏകജാലക സംവിധാനത്തിലൂടെ നടത്തുവാൻ ഹയർ സെക്കന്ററി എഡ്യുക്കേഷൻ ഡയറക്ടറും, പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സത്വര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകി.

**3.1.2 ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക ലഭ്യമാക്കുന്നത് സംബന്ധിച്ച്**

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ഒരു പഠിതാവിന് 19,200/– രൂപയാ

ണ് സ്കോളർഷിപ്പ് ലഭിക്കേത്. എന്നാൽ മലപ്പുറം ജില്ലയിലെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളും 5000/- രൂപയിൽ താഴെ മാത്രമാണ് സ്കോളർഷിപ്പ് നൽകുന്നത്. യാതൊരു മാനദണ്ഡവും പാലിക്കാതെ തുച്ഛമായ സംഖ്യ ഈ ആവശ്യത്തിലേക്ക് വകയിരുത്തി മൊത്തം വിദ്യാർഥികൾക്ക് വീതിച്ച് നൽകുന്ന രീതിയാണ് ഒട്ടുമിക്ക പഞ്ചായത്തുകളും സ്വീകരിച്ചിരിക്കുന്നത്. ഒരേ സ്കൂളിൽ ഒരേ ബെഞ്ചിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പ് തുകയിൽ വലിയ വ്യത്യാസമാണുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന പ്രതികരണ ശേഷിയില്ലാത്ത ഇത്തരം വിദ്യാർഥികളോട് തദ്ദേശ സ്ഥാപനങ്ങൾ കാണിക്കുന്ന അനീതി അവസാനിപ്പിച്ച് ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് അവകാശപ്പെട്ട സ്കോളർഷിപ്പ് തുക 19,200/- ലഭിക്കുന്നതിന് വേ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കമ്മീഷൻ മുമ്പാകെ പരിവാർ കേരള പരാതി സമർപ്പിച്ചു.

പ്രസ്തുത വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സാമൂഹിക നീതി വകുപ്പ്, പഞ്ചായത്ത് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ വാദമുഖങ്ങൾ കമ്മീഷൻ പരിശോധിച്ചു.

സ്കോളർഷിപ്പ് വിതരണത്തിലേക്ക് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ യഥാക്രമം 50:25:25 അനുപാതത്തിൽ വകയിരുത്തേതാണെങ്കിലും പല പഞ്ചായത്തുകളും അവരുടെ ഫിന്റെ അടിസ്ഥാനത്തിലാണ് തുക മാറ്റിവെക്കുന്നത്. അതുകൊാണ് വിവിധ പഞ്ചായത്തുകൾ വ്യത്യസ്തമായ തുക സ്കോളർഷിപ്പിനായി അനുവദിക്കുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, പഠനോപകരണങ്ങൾ വാങ്ങൽ, ഉല്ലാസയാത്ര, പഠന പര്യടനം എന്നീ ചെലവുകൾക്ക് ഒരു വിദ്യാർഥിക്ക് 19,200/- രൂപ വരെ അനുവദിക്കണമെന്ന് 16.11.2013 തീയ്യതിയിലെ സ.ഉ(എം.എസ്)നം. 362/2013 ത.സ്വ.ഭ.വ മാർഗ്ഗരേഖ നിഷ്കർഷിച്ചിട്ടുന്നെും, മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന രീതിയിൽ സ്കോളർഷിപ്പിന് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭാഗത്തും പ്രസ്തുത തുക ലഭ്യമാക്കുവാൻ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്കും നിർദേശം നൽകുന്നതാണെന്ന് പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ കമ്മീഷൻ ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

16.11.2013 തീയ്യതിയിലെ സ.ഉ(എം.എസ്)നം. 362/2013 തസ്വഭവ മാർഗ്ഗരേഖ പ്രകാരം ഭിന്ന ശേഷിക്കാരായ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പിന് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസ്തുത പ്രോജക്ടിൽ തുക ലഭ്യമാക്കുവാൻ മലപ്പുറം ബ്ലോക്ക് ജില്ലാ പഞ്ചായത്ത് അധികൃതർക്കും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അടിയന്തിരമായി നിർദേശം നൽകേതാണ്.

**3.1.3 കോളേജ് അധ്യാപക നിയമനത്തിന് ഒ.ബി.സി. വിഭാഗക്കാർക്ക് മാർക്കിളവ് നൽകുന്നത് സംബന്ധിച്ച്**

UGC-യുടെ പുതിയ മാനദണ്ഡപ്രകാരം 50 ശതമാനം മാർക്കോടെ പി.ജി പാസ്സാവുന്ന ഒ.ബി.സിക്കാർക്ക് NET പരീക്ഷ എഴുതാം. എന്നാൽ കേരളത്തിൽ കോളേജ് അധ്യാപകരാകാൻ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദവും NET ഉം എന്നതാണ് ഒ.ബി.സി അടക്കമുള്ളവർക്ക് വേ യോഗ്യത. എസ്.സി/എസ്.ടി വിഭാഗക്കാർക്ക് മാത്രമാണ് 50 ശതമാനം മാർക്കും NETഉം യോഗ്യതയായി പറയുന്നത്. NET പരീക്ഷയ്ക്കുള്ള യോഗ്യതയിൽ യു.ജി.സി മാറ്റം വരുത്തിയ സാഹചര്യത്തിൽ ഒ.ബി.സി വിഭാഗത്തിൽപെട്ട എല്ലാവർക്കും കോളേജ് അധ്യാപക നിയമനത്തിന് 50 ശതമാനം മാർക്കോടെ പി.ജിയും NETഉം എന്നാക്കി ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാരിനോട് ആവശ്യപ്പെടണമെന്ന് അഭ്യർത്ഥിച്ചുകൊ് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിക്കപ്പെട്ടു.

പ്രസ്തുത വിഷയം പരിഗണിച്ച കമ്മീഷൻ ബന്ധപ്പെട്ട വ്യക്തികൾക്ക് നോട്ടീസ് അയച്ചു. 1994ലെ സ്പെഷ്യൽ റൂൾസ് പ്രകാരമാണ് കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജ് അധ്യാപക നിയമനം നടത്തിവരുന്നത്. അതിൽ എസ്.എസി/എസ്.ടി വിഭാഗക്കാർക്കും അംഗവൈകല്യമുള്ളവർക്കും മാത്രമാണ് യോഗ്യതയിൽ ഇളവ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 11.07.2016ലെ യു.ജിസി റെഗുലേഷൻ പ്രകാരം ഒ.ബി.സി വിഭാഗത്തിലെ അധ്യാപക നിയമനത്തിന് ഭേദഗതി വരുത്തിയിട്ടു്. ആയതിനാൽ നിലവിലെ സ്പെഷ്യൽ റൂളിൽ ഭേദഗതി വേിവരുമെന്നും കേരള സർക്കാരിനു വേി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കമ്മീഷൻ മുമ്പാകെ സത്യവാങ്മൂലം ഫയൽ ചെയ്തു. വിഷയം പരിശോധിച്ച കമ്മീഷൻ കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജ് അധ്യാപക നിയമനത്തിന് 11.07.2016-ലെ യു.ജി.സി റെഗുലേഷൻസിന്റെ അടിസ്ഥാനത്തിൽ ഒ.ബി.സി വിഭാഗക്കാർക്ക് 50 ശതമാനം മാർ

ക്കോടെ പി.ജി.യും NETഉം യോഗ്യതയായി നിശ്ചയിച്ച ഭേദഗതി നിർദ്ദേശം ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്നതിന് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എത്രയും വേഗം പൂർത്തിയാക്കാൻ ഉത്തരവ് നൽകുകയും പ്രസ്തുത കമ്മീഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒ.ബി.സി.ക്കാർക്ക് മാർക്കിളവ് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

**3.1.4 ഹയർ സെക്കറി തലത്തിൽ ഉപഭാഷകൾ പഠിക്കാൻ അവസരം നൽകിയത് സംബന്ധിച്ച്**

ശ്രീ. അഫ്സൽ ലത്തീഫ്, കൺവീനർ, എച്ച്.എസ്.എസ്.ടി. അറബിക് റാങ്ക് ഹോൾഡേഴ്സ് ഫോറം കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിൽ താഴെ പറയും പ്രകാരം പ്രസ്താവിച്ചിരുന്നു.

GO(Rt) No. 78/99 G.Edn.Dated 05/11/1999, GO(Rt)No. 1499/2013/ G.Edn.Dated 01.04.2013 എന്നീ ഉത്തരവുകൾ പ്രകാരം ഒരു ഹയർ സെക്കന്ററി സ്കൂളിൽ അനുവദിക്കാവുന്ന ഉപഭാഷകളുടെ എണ്ണം നാലാണെന്ന് ഗവൺമെന്റ് വ്യക്തമാക്കുന്നു. എന്നാൽ ഹയർ സെക്കന്ററി ഡയറക്ടറുടെ ACD B1/ 14373/HSE/2003 Dated 25.11.2013 നമ്പർ ഉത്തരവ് പ്രകാരം ഈ ഭാഷകൾ പഠിക്കാനുള്ള കുട്ടികളുടെ അവസരം നഷ്ടമാവുന്നു. ഗവൺമെന്റിന്റെ മുൻകൂർ അനുമതിയില്ലാതെ പുതിയതായി രാം ഭാഷ കൊുവരികയോ നിലവിലുള്ള രാം ഭാഷ മാറ്റുകയോ ചെയ്യരുതെന്നും ഹയർ സെക്കന്ററി ഡയറക്ടർ എല്ലാ സ്കൂൾ അധികൃതർക്കും സർക്കുലർ നൽകിയിട്ടു്. കേരളത്തിലെ സ്കൂളുകളിൽ ഒന്നാം ക്ലാസ്സു മുതൽ പത്തു വരെ അറബി-സംസ്കൃതം ഭാഷകൾ പഠിച്ച വിദ്യാർഥികൾക്ക് എസ്.എസ്.എൽ.സിക്ക് ശേഷം പ്ലസ്ടു തലത്തിൽ ഈ ഭാഷകൾ പഠിക്കുവാനുള്ള അവസരം നഷ്ടപ്പെടുന്നു എന്നത് ഖേദകരമാണ്. രിൽ കൂടുതൽ ഭാഷകൾ ഹയർ സെക്കന്ററിയിൽ ആരംഭിക്കാൻ ഡിപ്പാർട്ട്മെന്റ് അനുവാദമില്ലെന്ന് പറഞ്ഞ് പത്താം തരം വരെ അറബി-സംസ്കൃതം പഠിച്ച വിദ്യാർഥികൾക്ക് ഈ ഭാഷകളുടെ തുടർ പഠനത്തിന് ഹയർ സെക്കന്ററി പ്രൻസിപ്പൽമാർ തടസ്സം നിൽക്കുന്നു്. കേരളത്തിലെ 1000 ത്തിലധികം വിദ്യാലയങ്ങളിൽ അറബിയും സംസ്കൃതവും ഒന്നാം ക്ലാസ്സു മുതൽ പഠിപ്പിക്കുന്നു്. ഈ വിദ്യാർഥികൾക്ക് ഉപരിപഠനത്തിന് പ്ലസ്ടു തലത്തിൽ അവസരമുള്ളത് 150 സർക്കാർ വിദ്യാലയങ്ങളിൽ മാത്രമാണ്. 2004നു ശേഷവും 11 വർഷമായിട്ടും ഈ ഭാഷകൾ പഠിക്കാനുള്ള തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. പുതിയ ഹയർ സെക്കന്ററി വിജ്ഞാപനത്തിൽ എല്ലാ കുട്ടികൾക്കും അവരുദ്ദേ

ശിക്കുന്ന സ്കൂളിൽ അറബി പഠിക്കുവാൻ തിരഞ്ഞെടുക്കുന്നതിന് സൗകര്യം ചെയ്യുകയും അങ്ങിനെ കുട്ടികൾ ഉള്ള സ്കൂളുകളിൽ തസ്തിക അനുവദിക്കുകയും നാലു ഭാഷാ സംവിധാനം ഈ വർഷം തന്നെ നടപ്പിലാക്കുകയും ചെയ്യേതാണെന്നും കമ്മീഷൻ മുമ്പാകെ അഭ്യർത്ഥിച്ചു.

പ്രസ്തുത പരാതി സംബന്ധിച്ച് ഹയർ സെക്കറി വകുപ്പ്, പൊതു വിദ്യാഭ്യാസവകുപ്പ് എന്നിവരുടെ വിശദമായ വാദം കേട്ട ശേഷം കമ്മീഷൻ ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

ഹർജിയിലെ ആവശ്യത്തിന്മേൽ സർക്കാരിന്റെ നയപരമായ തീരുമാനം എടുക്കുന്നതുവരെ 2015-16 അധ്യയന വർഷത്തിൽ ഹയർ സെക്കന്ററി ഒന്നാം വർഷ പ്രവേശനം നേടിയ വിദ്യാർഥികൾക്ക് അവർ ഹൈസ്കൂൾ തലത്തിൽ പഠിച്ച ഭാഷ രാം ഭാഷയായി ലഭ്യമല്ലാത്ത ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവേശനം ലഭിക്കുകയും അവർ പ്രസ്തുത ഭാഷ രാം ഭാഷയായി പഠിക്കാൻ താൽപര്യപ്പെടുകയും അധികമായി സ്വീകരിക്കുന്ന ഉപഭാഷകൾക്ക് ഒരു ക്ലാസിലേക്ക് വേുന്ന നിശ്ചിത എണ്ണം വിദ്യാർഥികൾ ഉാവുകയും നിലവിലുള്ള ഉപഭാഷാധ്യാപക തസ്തികകളെ യാതൊരു തരത്തിലും ബാധിക്കുകയില്ലെങ്കിൽ പി.ടി.എയുടെയോ മറ്റോ സഹായത്തോടെ പഠനാവസരം പരിഗണിക്കാവുന്നതാണെന്ന് 04.08.2015 തീയ്യതിയിലെ 21123/T1/2013/GEdn നമ്പർ സർക്കാർ കത്തിൽ നിഷ്കർഷിച്ചതുപോലെ തുടർന്നുള്ള അധ്യയന വർഷങ്ങളിലും മേൽപറഞ്ഞ പ്രത്യേകാനുമതി സർക്കാർ തുടർന്നും നൽകേതാണ്.

**3.1.5 പോലീസ് അതിക്രമത്തിനിരയായ വീട്ടമ്മയ്ക്ക് നഷ്ടപരിഹാരം കൊടുക്കുന്നത് സംബന്ധിച്ച്**

തന്റെ വീട്ടിൽ നാദാപുരം പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ.ശ്രീനിവാസ് അഡീഷണൽ എസ്.ഐ. ശ്രീ.സുജിത്ത് എന്നിവരും കുറേ പോലീസുകാരും ഭർത്താവിനെ അന്വേഷിച്ച് വീടിനകത്തേക്ക് ബലമായി പ്രവേശിച്ചുവെന്നും നമസ്കാരമുറി, വാതിൽ, മറ്റ് ഉപകരണങ്ങൾ എന്നിവ തല്ലിത്തകർത്തുവെന്നും തന്നെയും മകളേയും ആക്രമിച്ചുവെന്നും പരാതിപ്പെട്ട് കോഴിക്കോട് സ്വദേശിനി ശ്രീമതി പാത്തുട്ടി കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. ടി പരാതിയിന്മേൽ ഹർജിക്കാരിയേയും എതിർകക്ഷികളേയും സാക്ഷികളേയും മറ്റും വിശദമായി നേരിൽ കേട്ട് തെളിവെടുത്തു.

എസ്.ഐ ശ്രീനിവാസന്റെ നേതൃത്വത്തിലുള്ള പോലിസിന്റെ ഭാഗത്തുനി

ന്ന് നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെന്ന് കമ്മീഷന് ബോധ്യപ്പെട്ടു. സി.ഡി പരിശോധിച്ച് വാതിൽ പൊളിച്ച പോലീസുകാരുടെ മേൽ നടപടി സ്വീകരിക്കേതാണെന്നും വീടിനുായ നാശനഷ്ടം തിട്ടപ്പെടുത്തി മതിയായ നഷ്ടപരിഹാരം കുറ്റക്കാരായ പോലീസുദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും വീട്ടമ്മയ്ക്ക് നൽകേതാണെന്നും കമ്മീഷൻ ഉത്തരവിട്ടു. കൂടാതെ കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കാനും കമ്മീഷൻ ഉത്തരവായി. ഇതിൻ പ്രകാരം പരാതിക്കാരിക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടു്.

### 3.1.6 കാസർഗോഡ് തുരുത്തി പ്രദേശത്തിന്റെ വികസനം സംബന്ധിച്ച്

ന്യൂനപക്ഷ വിഭാഗം തിങ്ങിപ്പാർക്കുന്ന കാസർഗോഡ് നഗരസഭാ പ്രദേശമായ തുരുത്തി നാലു ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന സ്ഥലമാണ്. ഒരു പാലമുങ്കെിലും വെള്ളപ്പൊക്കം വരുമ്പോൾ പുഴയ്ക്കു ചുറ്റും കരകൾ ഇടിഞ്ഞുപോവുന്ന ഒരു താഴ്ന്ന പ്രദേശമാണ്. മുസ്ലിം മതന്യൂനപക്ഷം തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് ചുറ്റും കരിങ്കൽ ഭിത്തി കെട്ടുവാൻ സഹായം അനുവദിക്കുക, കൃഷിക്ക് സൗകര്യം ഒരുക്കുക, റോഡ് കോൺക്രീറ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങളുമായി ഒരു പരാതി കമ്മീഷൻ മുമ്പാകെ നൽകി.

ബന്ധപ്പെട്ടവരെ നേരിട്ട് കേട്ട് റിപ്പോർട്ടുകൾ പരിശോധിച്ച് കമ്മീഷൻ ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് നൽകി.

തുരുത്തി പ്രദേശത്ത് നിലവിലുള്ള 150 മീറ്ററോളം വരുന്ന റോഡ് കോൺക്രീറ്റ് ചെയ്യുവാൻ വിശദമായ എസ്റ്റിമേറ്റ് കാസർഗോഡ് പി.ഡബ്ല്യു.ഡി റോഡ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉടൻ തയ്യാറാക്കേതും അങ്ങിനെ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് സർക്കാരിന്റെ അനുമതിക്കായി പി.ഡബ്ല്യു.ഡി സെക്രട്ടറിക്ക് സമർപ്പിക്കേതുമാണ്.

തുരുത്തി പ്രദേശത്തിന്റെ ചുറ്റുമുള്ള പുഴയിൽ അടിഞ്ഞുകൂടിയ എക്കൽ മണ്ണ് നീക്കം ചെയ്ത് സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനും പുഴയുടെ ഇരുകരകളിലും അനുയോജ്യമായ രീതിയിൽ സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിനും വിശദമായ എസ്റ്റിമേറ്റ് കാസർഗോഡ് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എത്രയും വേഗം തയ്യാറാക്കേതും തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാർ അനുമതിയ്ക്കായി ജലവിഭവ വകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുക്കേതുമാണ്.

കാസർഗോഡ് പി.ഡബ്ല്യു.ഡി റോഡ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും മേൽപറഞ്ഞ എസ്റ്റിമേറ്റ് കിട്ടിയാൽ സർക്കാർ അനുമതി നൽകുന്നതിനുള്ള അടിയന്തിര നടപടികൾ പി.ഡബ്ല്യു.ഡി സെക്രട്ടറി സ്വീകരിക്കേതും, കാസർഗോഡ് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്ന് കിട്ടുന്ന എസ്റ്റിമേറ്റിന്മേൽ സർക്കാർ അനുമതി നൽകുന്നതിനുള്ള അടിയന്തിര നടപടികൾ ജലവിഭവ സെക്രട്ടറി സ്വീകരിക്കേതുമാണ്.

**3.1.7 ഫാം ഡി കോഴ്സിന് പഠനത്തിന് ലോൺ അനുവദിച്ചത് സംബന്ധിച്ച്**

ക്രിസ്ത്യൻ മതവിശ്വാസിയായ ഹർജിക്കാരിയുടെ മകൾ റിനി ഫിലിപ്പിന് ഗുൽബർഗയിലുള്ള രാജീവ് മെമ്മോറിയൽ എജ്യുക്കേഷൻ കോളേജ് ഓഫ് ഫാർമസിയിൽ ഫാം–ഡി കോഴ്സിന് അഡ്മിഷൻ ലഭിച്ചിട്ടുള്ളതാണ്. ആറു വർഷത്തേക്ക് മൊത്തം ഫീസ് 10 ലക്ഷം രൂപയാണ്. ഹർജിക്കാരിയുടെ ഭർത്താവ് ഓട്ടോറിക്ഷാ ഡ്രൈവറാണ്. ഹർജിക്കാരിക്കും കുടുംബത്തിനും വേറെ വരുമാന മാർഗ്ഗമില്ല. സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ കോട്ടയം ബ്രാഞ്ച് ഓഫീസിൽ വസ്തുവിന്റെ ആധാരം വെച്ച് വിദ്യാഭ്യാസ ലോൺ തരാമെന്നു പറഞ്ഞിരുന്നു. എന്നാൽ ആധാരത്തിൽ ബുദ്ധിമാന്ദ്യം സംഭവിച്ച ഒരാൾക്കു പകരം സ്വന്തം അച്ഛൻ ഒപ്പിട്ടിരിക്കുന്നു എന്നു കാണിച്ച് ലോൺ നിഷേധിച്ചു. ലോൺ അനുവദിച്ചു കിട്ടിയില്ലെങ്കിൽ ഹർജിക്കാരിയുടെ മകളുടെ വിദ്യാഭ്യാസം മുന്നോട്ടു കൊുപോകാൻ സാധിക്കുകയില്ല എന്ന് വിവരിച്ചുകൊ് ശ്രീമതി ജാൻസി ഫിലിപ്പ് കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിച്ചു.

ടി വിഷയത്തിന്മേൽ സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ അധികാരികളെ വിളിച്ച് മൊഴിയെടുക്കുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ചെയ്ത കമ്മീഷൻ ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

ശ്രീമതി. റിനി ഫിലിപ്പിന്റെ വിദ്യാഭ്യാസ വായ്പക്കായി ഹാജരാക്കിയിരിക്കുന്ന ആധാരത്തിൽ 35 വയസ്സ് പ്രായമായ ബുദ്ധിമാന്ദ്യമുള്ള ഷൈലക്ക് വേി പിതാവും സ്വാഭാവിക രക്ഷകർത്താവുമായ എം.കെ ഫ്രാൻസിസ് സേവ്യർ ഒപ്പിട്ടതിൽ നിയമപരമായ ന്യൂനത ഇല്ലാത്തതിനാൽ ടി ആധാരം ഈടായി സ്വീകരിച്ച് ശ്രീമതി. റിനി ഫിലിപ്പിന് എത്രയും വേഗം വിദ്യാഭ്യാസ വായ്പ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ അനുവദിക്കേതാണ്.

പ്രസ്തുത ഉത്തരവ് പ്രകാരം ഹർജിക്കാരിയുടെ മകൾക്ക് ലോൺ ലഭിക്കുകയും ചെയ്തു.

**3.1.8 സെമിത്തേരി നിർമ്മാണത്തിന് അനുമതി നൽകിയത് സംബന്ധിച്ച്**

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ റൊഗാത്തെ ആശ്രമ സമൂഹത്തിൽ 35 വൈദികരും 60ഓളം സന്യാസ സഹോദരങ്ങളുമു ്. മരണം വരെ ഈ ആശ്രമത്തിൽ സ്ഥിരതാസമക്കാരായ ഇവർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നായി ഇവിടെയെത്തി സന്യാസ ജോലി ചെയ്യുന്നവരാണ്. ഇവിടെ ഇവർക്ക് 7 ഏക്കർ സ്ഥലമാണുള്ളത്. താമസവും ആരാധനയും ഇവിടെ സ്ഥിരമായി നടക്കുന്നു. ഈ സന്യാസ സമൂഹത്തിനുവേി മാത്രം ഉപയോഗിക്കുന്നതിനായി ആധുനിക രീതിയിൽ പരിസ്ഥിതി പ്രശ്നങ്ങളുാകാതെ ഒരു കോൺക്രീറ്റ് വോൾട്ട് (സെമിത്തേരി) നിർമിക്കുന്നതിന് 29.8.2014ൽ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന് അപേക്ഷ നൽകിയിരുന്നു. അവിടെനിന്നും ഡി.എം.ഒ വഴി അന്വേഷണം നടത്തുകയും തുടർന്ന് കളക്ടറുടെ തീരുമാനത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ വിവിധ കാരണങ്ങൾ പറഞ്ഞ് സെമിത്തേരി നിർമ്മാണത്തിന് അനുമതി നിഷേധിക്കുന്നതായി ആരോപിച്ച് ആശ്രമ അധികൃതർ കമ്മീഷൻ മുമ്പാകെ പരാതി നൽകി.

പ്രസ്തുത വിഷയം പരിഗണിച്ച കമ്മീഷൻ ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്, പോലീസ് അധികൃതർ, ജില്ലാ കളക്ടർ, ആരോഗ്യവകുപ്പ്, മറ്റ് എതിർകക്ഷികൾ എന്നിവരുടെ മൊഴി രേഖപ്പെടുത്തുകയും രേഖകളും സത്യവാങ്മൂലവും പരിശോധിക്കുകയും ചെയ്തു.

ഈ കോൺക്രീറ്റ് വോൾട്ട് വരുന്നത് മൂലം അയൽക്കാർക്കോ സ്ഥലവാസികൾക്കോ പ്രശ്നങ്ങളില്ല എന്ന് കമ്മീഷന് ബോധ്യപ്പെട്ടു. എതിർകക്ഷികൾക്ക് ഇത്തരമൊരു സെമിത്തേരി നിർമിക്കുന്നതു മൂലം വ്യക്തിപരമായ എന്തെങ്കിലും പ്രശ്നങ്ങളുള്ളതായി കാണുന്നില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ സെമിത്തേരി നിർമിക്കുന്നതിന് കളക്ടറുടെ മുമ്പിലുള്ള അപേക്ഷയിൽ ബന്ധപ്പെട്ട അധികാരികളിൽനിന്നും അനുകൂലമായ നിലപാട് സ്വീകരിച്ച് സെമിത്തേരി നിർമാണം നടത്തുന്നതിനുള്ള അവസരം ഉാക്കണമെന്ന് കമ്മീഷൻ സർക്കാരിനോട് നിർദേശിച്ചു.

**3.1.9 ആരാധനാ സ്വാതന്ത്ര്യം ഉറപ്പുവരുത്തിയത് സംബന്ധിച്ച്**

കോഴിക്കോട് വളയനാട് വില്ലേജിൽ പോത്തഞ്ചേരിത്താഴം എന്ന സ്ഥലത്ത് 2014 ഒക്ടോബർ 26ന് ഉദ്ഘാടനം ചെയ്യപ്പെട്ട ഐഡിയൽ വെൽഫെയർ ട്രസ്റ്റിന് കീഴിൽ റജി. നമ്പർ 349/1999 ഐഡിയൽ കൾച്ചറൽ സെന്റർ എന്ന സ്ഥാപനത്തിന്റെ പ്രവർത്തന സമയം നിയന്ത്രിക്കുകയും നടപടികളെടുക്കുകയും ചെയ്തതിനെതിരെ ട്രസ്റ്റ് സെക്രട്ടറി കമ്മീഷന് പരാതി സമർപ്പിച്ചു. ഷോപ്പ് കം

ഓഫിസ് ബിൽഡിംഗ് എന്ന നിലക്ക് പ്ലാനും 17 സെന്റ് സ്ഥലവും 2013 ഏപ്രിൽ 24ന് 929/2013 നമ്പർ ദാനാധാരപ്രകാരം ട്രസ്റ്റ് ചെയർമാൻ എം.കെ മുഹമ്മദലി എന്നവരുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും താഴെ നില നിർമാണം പൂർത്തീക രിച്ച് നികുതി ചുമത്തി കോഴിക്കോട് കോർപ്പറേഷൻ കെട്ടിട നമ്പർ നൽകുക യും ചെയ്തതാണെന്നും ടി കെട്ടിടത്തിൽ പെയിൻ & പാലിയേറ്റീവ്, എഡ്യു ക്കേഷണൽ ഗൈഡൻസ്, മെഡിക്കൽ ഹെൽപ്പ്, പരസ്പര സഹായനിധി എന്നി വയുടെ ഓഫീസുകളും ലൈബ്രറി & റീഡിംഗ് റൂം, കോൺഫറൻസ് ഹാൾ കൂ ടാതെ മേൽ പ്രവർത്തനങ്ങൾ ചെയ്യുന്നവർക്ക് പ്രാർഥിക്കാനുള്ള പ്രാർഥനാമു റിയും ഏർപ്പെടുത്തിയിട്ടുന്നെും എന്നാൽ റവന്യൂ അധികാരികൾ സ്ഥാപന ത്തിന് പ്രവർത്തന സമയം രാവിലെ 7 മുതൽ രാത്രി 8 വരെയാക്കി ചുരുക്കുക യും കെട്ടിടത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം 4 ആക്കി നിയന്ത്രിക്കുകയും അവിടെ പ്രവർത്തിക്കുന്നവർ പോലും അവിടെവെച്ച് പ്രാർഥിക്കാൻ പാടില്ല എ ന്ന് ഏകപക്ഷീയമായി ഉത്തരവിടുകയും ലംഘിച്ചാൽ കളക്ടർ ഏറ്റെടുക്കുമെ ന്ന് ഭീഷണിസ്വരത്തിൽ പറയുകയും ചെയ്തുവെന്ന് പറഞ്ഞുവെന്നാരോപിച്ച് ഒരു പരാതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചു.

പ്രസ്തുത വിഷയം പരിഗണിച്ച കമ്മീഷൻ റവന്യൂ, പോലീസ്, കോർപ്പറേ ഷൻ അധികൃതരിൽ നിന്നും റിപ്പോർട്ടുകൾ വാങ്ങുകയും ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്ത കാര്യ ങ്ങൾ കമ്മീഷന് ബോധ്യമായി.

മേൽ കെട്ടിടം ഒരിക്കലും പള്ളിയായി ഉപയോഗിക്കുന്നില്ല. മേൽ കെട്ടിട ത്തിൽ പ്രവർത്തിച്ചുവരുന്ന സേവനദാതാക്കൾക്കും ട്രസ്റ്റ് അംഗങ്ങൾക്കും ജോ ലി ചെയ്യുന്നവർക്കും അവരുടെ മതചിട്ടയനുസരിച്ച് പ്രാർഥനയ്ക്ക് സമയമാവു മ്പോൾ അതാത് സമയത്ത് അവിടെയുള്ളവർക്ക് അവിടെവെച്ച് പ്രാർത്ഥന നിർ വഹിക്കുക എന്ന അവരുടെ ഭരണഘടന നൽകുന്ന സ്വാതന്ത്ര്യം ഉപയോഗപ്പെ ടുത്തുക മാത്രമാണ് പരാതിക്കാർ ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപ നത്തിന്റെ ലൈസൻസ് റദ്ദ് ചെയ്ത നടപടി പിൻവലിക്കാൻ കമ്മീഷൻ ശിപാർശ ചെയ്യുകയും ന്യൂനപക്ഷങ്ങളുടെ ആരാധാനാ സ്വാതന്ത്ര്യം തടയരുതെന്ന് ബന്ധ പ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

**3.1.10 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിച്ച് നൽകിയത് സംബ ന്ധിച്ച്**

ഹർജിക്കാരൻ മഞ്ചേരി എച്ച്.എം.വൈ.എച്ച്.എസ് സ്കൂളിലെ അധ്യാപക

നായി ജോലി ചെയ്യുന്നു. ഹർജിക്കാരന്റെ അമ്മയുടെ ഹൃദയശസ്ത്രക്രിയ ചികിത്സയുമായി ബന്ധപ്പെട്ട് ടിയാൻ 30/11/2012ൽ ടിയാന്റെ സ്കൂൾ ഓഫീസിലൂടെയും മലപ്പുറം വിദ്യാഭ്യാസ ഓഫീസിലൂടെയും തിരുവനന്തപുരം ഡി.എച്ച്.എസിനു നൽകിയ റീ ഇംപേഴ്സ്മെന്റ് അപേക്ഷകളും രേഖകളും വെരിഫിക്കേഷൻ കഴിഞ്ഞ് ഡി.എച്ച്.എസ്സിൽ നിന്നും തിരിച്ചുവന്നു. എന്നാൽ ക്യാഷ് ബില്ലുകളുടെ ഒറിജിനൽ ഇല്ലാതെയാണ് ഡി.എച്ച്.എസിൽനിന്നും രേഖകൾ തിരിച്ചുവന്നത്. 17/3/2016 വരെയും ചികിത്സാ സഹായം ലഭിക്കാതെ കെട്ടിക്കിടക്കുന്ന പ്രശ്നം പരിഹരിച്ചു കിട്ടാൻ അപേക്ഷിച്ചിരുന്നു.

ഈ വിഷയത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, എന്നിവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഹർജിക്കാരന്റെ എല്ലാ രേഖകളും പരിശോധിച്ച ശേഷം ജില്ലാ ഓഫീസിലേക്ക് അയച്ചിട്ടുണ്ടെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. എന്നാൽ പ്രസ്തുത ജില്ലാ ഓഫീസിൽ ലഭിച്ചതായി കാണുന്നില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ സത്യവാങ്മൂലം സമർപ്പിച്ചു. ഇതിൽ നടപടിയെടുക്കേത് ആരോഗ്യവകുപ്പാണെന്നും വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു. ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ച കമ്മീഷൻ ഹർജിക്കാരന് റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ നൽകാനുള്ള തുക ഒരു മാസത്തിനുള്ളിൽ ഹർജിക്കാരന് നൽകാൻ നിർദ്ദേശം നൽകി.

**3.2 സ്ഥലസന്ദർശനം**

മലപ്പുറം ജില്ലയിലെ തീരദേശ മേഖലയായ താനൂർ കടപ്പുറത്ത് ചാപ്പപ്പടി, കോർമൻ കടപ്പുറം, ആൽബസാർ തുടങ്ങിയ സ്ഥലങ്ങളിൽ 12.03.2017ന് രാത്രി ന്യൂനപക്ഷ സമുദായാംഗങ്ങൾ സംഘർഷത്തിലേർപ്പെടുകയും നിരവധി വീടുകളും വാഹനങ്ങളും വ്യാപാര സ്ഥാപനങ്ങളും തകർക്കപ്പെട്ടുവെന്നും സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ചയുായതുമായ പത്രവാർത്തകളെത്തുടർന്ന് കമ്മീഷൻ സ്വമേധയാ കേസ്സെടുക്കുകയും 22.03.2017 തിയതി കമ്മീഷൻ സ്ഥലസന്ദർശനം നടത്തി. സന്ദർശനത്തിൽ സംഘർഷ പ്രദേശങ്ങൾ നേരിട്ട് സന്ദർശിച്ച് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും നേരിട്ട് മൊഴികൾ രേഖപ്പെടുത്തുകയും സംഘർഷവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കേ നടപടികൾ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ***(റിപ്പോർട്ടിന്റെ പൂർണരൂപം ഈ വാർഷിക റിപ്പോർട്ടിൽ അവസാനമായി ചേർത്തിട്ടു്).***

അദ്ധ്യായം 4

# കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗുകൾ

കേരളത്തിലെ ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നഷ്ടപ്പെടുന്നതിനെക്കുറിച്ച് ജനങ്ങൾ നൽകിയ പരാതികൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കാനായി റിപ്പോർട്ട് കാലയളവിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 27 ക്യാമ്പ് സിറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| **ജില്ല** | **സിറ്റിംഗുകളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 4 |
| കൊല്ലം | 3 |
| ആലപ്പുഴ | 3 |
| കോട്ടയം | 2 |
| ഇടുക്കി | 2 |
| എറണാകുളം | 1 |
| തൃശൂർ | 3 |
| മലപ്പുറം | 4 |
| കോഴിക്കോട് | 3 |
| കാസർഗോഡ് | 2 |
| **ആകെ** | **27** |

അദ്ധ്യായം 5

# ആഘോഷങ്ങൾ

## ന്യൂനപക്ഷ ദിനാചരണം

1992 ഡിസംബർ 18ലെ ഐക്യരാഷ്ട്ര സഭയുടെ ന്യൂനപക്ഷാവകാശങ്ങളെ ക്കുറിച്ചുള്ള പ്രഖ്യാപനം ആഗോളതലത്തിൽ ശ്രദ്ധേയമാണ്. അതിനെതുടർന്ന് എല്ലാ വർഷവും അന്നേദിവസം ദേശീയ ന്യൂനപക്ഷ ദിനമായി ആചരിച്ചുവരുന്നു. കേരളത്തിൽ സർക്കാർ തലത്തിൽ ന്യൂനപക്ഷദിനാചരണം സംഘടിപ്പിച്ചത് സംസ്ഥാന ന്യൂനപക്ഷ കമ്മീഷനാണ്. 2016 ഡിസംബർ 19-ാം തീയതി കോഴിക്കോട് ടാഗോർ ഹാളിൽ വെച്ച് വിപുലമായ പരിപാടികളോടെ ന്യൂനപക്ഷ ദിനാചരണം കൊണ്ടാടി.

ചുവടെ പ്രതിപാദിക്കുന്ന വിശേഷ ദിവസങ്ങൾ വ്യത്യസ്ത പരിപാടികളോടെ കമ്മീഷൻ റിപ്പോർട്ട് കാലയളവിൽ ആചരിച്ചിട്ടുണ്ട്.

**പട്ടിക 6**

| | | |
|---|---|---|
| 1 | ഭീകര വിരുദ്ധ ദിനം | 21.5.2016 |
| 2 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ വാർഷികം | 10.6.2016 |
| 3 | സ്വാതന്ത്ര്യദിനം | 15.8.2016 |
| 4 | മനുഷ്യാവകാശ ദിനം | 10.12.2016 |
| 5 | ന്യൂനപക്ഷ ദിനം | 19.12.2016 |
| 6 | റിപ്പബ്ലിക് ദിനം | 26.1.2017 |
| 7 | രക്തസാക്ഷിദിനം | 30.1.2017 |

## അദ്ധ്യായം 6

# കമ്മീഷന്റെ വരവ് ചെലവ് കണക്കുകൾ

സർക്കാരിൽനിന്നും ബഡ്ജറ്റ് വിഹിതത്തിലുൾപ്പെടുത്തി ലഭിക്കുന്ന സഹായധനം ഉപയോഗിച്ചാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്.2016-17 സാമ്പത്തിക വർഷത്തിൽ 1,61,05,000- രൂപ സഹായധനമായി സർക്കാരിൽനിന്ന് ലഭിക്കുകയുായി. പ്രസ്തുത സാമ്പത്തിക വർഷം 1,11,96,899 രൂപ ചെലവായിട്ടു്. റിപ്പോർട്ട് വർഷം(2016-17) ന്യൂനപക്ഷ കമ്മീഷന് ലഭിച്ച സാമ്പത്തിക സഹായത്തിന്റെ ഇനംതിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

| ശീർഷകം | ബജറ്റിൽ വകയിരുത്തിയ തുക | സർക്കാർ അനുവദിച്ച തുക |
|---|---|---|
| 2225-04-102-91-31 ധനസഹായം-ജനറൽ-ശമ്പളം | 1,36,85,000 | 1,36,85,000 |
| 2225-04-102-91-36- ധനസഹായം-ജനറൽ-ശമ്പളേതരം | 24,20,000 | 24,20,000 |
| ആകെ | 16,11,05,000 | 16,11,05,000 |

| ശീർഷകം | ലഭിച്ച തുക | ചെലവായ തുക | റിമാർക്സ് |
| --- | --- | --- | --- |
| 2225–04–102–91–31 ധനസഹായം– ജനറൽ–ശമ്പളം | 1,36,85,000 | 96,53,198 | 2016–17 സാമ്പത്തിക വർഷത്തിൽ അവശേഷിച്ച തുക 2017–18 സാമ്പത്തിക വർഷത്തിൽ വിനിയോ ഗിച്ചുവരുന്നു |
| 2225–04–102–91–36– ധനസഹായം– ജനറൽ– ശമ്പളേതരം | 24,20,000 | 15,43,701 | |
| ആകെ | 16,11,05,000 | 1,11,96,899 | |

7.1. വിവരാവകാശനിയമം 2005 പ്രകാരമുള്ള നടപടികൾ

വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ പ്രസ്തുത നിയമം അനുശാസിക്കുന്ന പ്രകാരം യഥാവിധി നടപടി സ്വീകരിക്കുന്നുണ്ട്. റിപ്പോർട്ട് വർഷത്തിൽ വിവരാവകാശ നിയമപ്രകാരം 23 അപേക്ഷകൾ കമ്മീഷനിൽ ലഭിക്കുകയും യഥാവിധി തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് കാലയളവിൽ ചുവടെ പരാമർശിക്കുന്ന ഉദ്യോഗസ്ഥരെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | |
| --- | --- | --- |
| 1. | അസിസ്റ്റന്റ് സ്റ്റേറ്റ്പബ്ളിക് ഇൻഫർമേഷൻ ഓഫീസർ | ശ്രീ. അഷറഫ് എ. (സെക്ഷൻ ഓഫീസർ) |
| 2. | സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ | ശ്രീ. പി.എസ്.സുധീർ (ഫിനാൻസ് ഓഫീസർ) |
| 3. | അപ്പീൽ അധികാരി | ശ്രീമതി ഇ.നസീമ (രജിസ്ട്രാർ) |

അദ്ധ്യായം 7

# കമ്മീഷൻ കേരള സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശുപാർശകൾ/റിപ്പോർട്ടുകൾ

22.03.2017 തീയ്യതിയിൽ മലപ്പുറം ജില്ലയിലെ താനൂർ സംഘർഷ മേഖലകളിൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നടത്തിയ സ്ഥല സന്ദർശന റിപ്പോർട്ട്

മലപ്പുറം ജില്ലയിൽ താനൂർ തീരമേഖലകളായ ചാപ്പപ്പടി, കോർമൻ കടപ്പുറം, ആൽബസാർ തുടങ്ങിയ സ്ഥലങ്ങളിൽ 12.03.2017 നു രാത്രി 9 നും 10നും ഇടയിൽ മുസ്ലിംലീഗ് പ്രവർത്തകരും സി.പി.എം. പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെപ്പറ്റിയും സംഘർഷത്തിൽ ന്യൂനപക്ഷ സമുദായക്കാരുടെ വീടുകൾ, വാഹനങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ തകർത്തതായും പോലീസിന്റെ ഭാഗത്തുനിന്നും ന്യൂനപക്ഷ സമുദായത്തിൽ പെട്ടവരെ കഠിനമായി മർദിച്ചതായും അവരുടെ വീടുകളും വാഹനങ്ങളും തകർത്തതായും പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ ശ്രദ്ധയിൽ പെട്ടതിനാൽ മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് മുൻകൂട്ടി അറിയിപ്പ് കൊടുത്ത് കമ്മീഷൻ ചെയർമാൻ ശ്രീ. പി.കെ.ഹനീഫയും മെമ്പർ അഡ്വ. ബിന്ദു എം തോമസും ഒരുമിച്ച് 22.03.2017 തീയതി പകൽ മൂന്നര മണി മുതൽ വൈകീട്ട് 6.50 മണിവരെ മേൽപറഞ്ഞ സംഘർഷ മേഖലകൾ സന്ദർശിച്ചു.

2. സന്ദർശനം മുൻകൂട്ടി അറിയിച്ചിരുന്നതിനാൽ എടക്കര പോലീസ് സി.ഐയും പരപ്പനങ്ങാടി എസ്.ഐയും പാർട്ടിയും കമ്മീഷന്റെ സന്ദർശനത്തെ സഹായിക്കാൻ സ്ഥലത്തുണ്ടായിരുന്നു.

3. സന്ദർശന വേളയിൽ സ്ഥലവാസികളായ പുരുഷന്മാരോടും സ്ത്രീകളോടും കുട്ടികളോടും കമ്മീഷൻ ചോദിച്ചറിഞ്ഞ കാര്യങ്ങൾ താഴെ

പറയും പ്രകാരമാണ്.

കോർമൺ കടപ്പുറത്ത് നിലവിലുള്ള താനൂർ-ഊട്ടുംപുറം- അഴിമുഖം റോഡിൽ 12.03.2017 തീയ്യതി രാത്രി 9നും 10നും ഇടയിൽ മുസ്‌ലിംലീഗ് പ്രവർത്തകരും സി.പി.എം പ്രവർത്തകരും തമ്മിൽ ഏറ്റുമുട്ടി. സംഘർഷം രാത്രി 12 മണിവരെ നീണ്ടു. ഇരു സംഘങ്ങളിൽ പെട്ടവർക്കും പരിക്ക് പറ്റി. സംഘട്ടനം നടക്കുന്നതിനിടയിൽ പോലീസ് പാർട്ടി സ്ഥലത്ത് എത്തി. പോലീസ് എത്തിയതുകൊണ്ട് കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടായില്ല. പോലീസ് ഇരു കൂട്ടരേയും പിരിച്ചുവിട്ട് രംഗം ശാന്തമാക്കി. സംഘട്ടനം തടഞ്ഞ പോലീസുകാർക്കും പരിക്ക് പറ്റി. സി.ഐയും എസ്.ഐയും ഉൾപ്പടെ 18ഓളം പേർക്ക് പരിക്ക് പറ്റി. സി.പി.എം പ്രവർത്തകരുടേയും മുസ്‌ലിം ലീഗ് പ്രവർത്തകരുടേയും വീടുകൾ സംഘർഷത്തിൽ തകർത്തു. പുലർച്ചെ രണ്ടു മണിയോടെ പോലീസ് സ്ഥലത്തു

വന്ന് ഇരുവിഭാഗത്തിലും പെട്ട ആളുകളെ അറസ്റ്റ് ചെയ്ത് കൊണ്ടുപോയി. അവരിൽ 36 പേർ നിലവിൽ ജയിലിലുണ്ട്. ജയിലിലുള്ളവരിൽ ഇരു വിഭാഗക്കാരും ഉണ്ട്. ഇരു കൂട്ടരിലും പെട്ടവരുടെ 14 വീടുകൾ പൂർണ്ണമായും തകർന്നു. 25 വീടുകൾക്ക് ഭാഗികമായി നാശം സംഭവിച്ചു. ഇരു കൂട്ടരിലും പെട്ടവരുടെ വള്ളവും വലകളും എഞ്ചിനുകളും നശിപ്പിച്ചു. താനൂർ മുൻസിപ്പാലിറ്റിയിലെ 38, 39, 40, 44 വാർഡുകളിലാണ് അക്രമസംഭവങ്ങൾ നടന്നത്.

മാണ്ടന്റെ പുരയ്ക്കൽ ഹുസൈൻ, അരയരകത്ത് ആലിക്കുട്ടി, തച്ചിനകത്ത് ഹനീഫ, കുഞ്ഞച്ചിന്റെ പുരയ്ക്കൽ ഖാലിദ്, മമ്മാലകത്ത് ചെറിയ ബാവ, മാണ്ടന്റെ പുരയ്ക്കൽ ഇസ്ഹാഖ്, അരയരകത്ത് മുഹമ്മദാലി, കുഞ്ഞിച്ചിന്റെ പുരയ്ക്കൽ സാറാമ്മകുട്ടി, അമ്പിച്ചന്റെ പുരയ്ക്കൽ സിദ്ദീഖ്, കാളാട്ട് അസൈനാർ, ആണ്ടികടവത്ത് മജീദ്, കോട്ടിൽ ഹംസക്കോയ എന്നിവരുടെ വീടുകളുടെ ജനൽ പാളികൾ നശിപ്പിച്ചതായി കണ്ടു. മമ്മാലകത്ത് ഇസ്ഹാഖിന്റെ വീടിന്റെ ജനൽ പാളികളും വീടിന്റെ അകത്ത് കിടന്ന ഡൈനിംഗ് ടേബിളിന്റെ ഗ്ലാസ്സും പൊട്ടിച്ച നിലയിൽ കണ്ടു.

മമ്മാലകത്ത് മൊയ്തീൻ കോയ എന്ന ആളുടെ വീടിന്റെ ജനൽ പാളികൾ നശിപ്പിച്ചതായി കണ്ടു. വീടിന്റെ വാതിൽ ചവിട്ടിപൊളിച്ചതായും വീടിന്റെ അലമാര ഇളക്കിമാറ്റിയതായും വീടിന്റെ അകത്തുണ്ടായിരുന്ന പെഡസ്റ്റൽ ഫാൻ, കസേര, വാൾ ക്ലോക്ക്, ഡൈനിംഗ് ടേബിൾ, വാഷ്ബേസിൻ,

സ്വിച്ച് ബോർഡ് എന്നിവ നശിപ്പിച്ചതായും കണ്ടു. അലമാര തുറന്ന് വിലപിടിപ്പുള്ള സാധനങ്ങൾ കൊണ്ടുപോയതായി പറഞ്ഞു.

പൊന്നാക്കാരൻ കുഞ്ഞാവ എന്ന ആളുടെ വടിന്റെ സൈഡ് ഗ്ലാസ്സ് നശിപ്പിച്ചതായും മുൻവശം വാതിൽ ചവിട്ടിപ്പൊളിച്ചതായും വീടിനുള്ളിൽ ഉണ്ടായിരുന്ന ടി.വി, തയ്യിൽമെഷിൻ, സ്വിച്ച്ബോർഡ്, കസേര എന്നിവ നശിപ്പിച്ച നിലയിലും കണ്ടു.

കുഞ്ഞിച്ചിന്റെ പുരത്ത് സലാം എന്ന ആളുടെ വീടിന്റെ ജനൽ ചില്ലുകൾ പൊട്ടിച്ച നിലയിൽ കണ്ടു. വിവാഹ ആവശ്യത്തിന് വീട്ടിൽ സൂക്ഷിച്ചിരുന്ന 4 ലക്ഷം രൂപ കൊള്ളയടിച്ചതായി വീട്ടുകാർ പറഞ്ഞു.

കുഞ്ഞിച്ചിന്റെ പുരയ്ക്കൽ ഇബ്രാഹീം എന്നയാളുടെ വീടിന്റെ ജനൽ, അകത്തുണ്ടായിരുന്ന കസേര, മേശ എന്നിവ നശിപ്പിച്ചതായി കണ്ടു. 10 പവന്റെ സ്വർണ്ണവും 10,000 രൂപയും മോഷ്ടിച്ചതായും മീൻ പിടിക്കാൻ ഉപയോഗിക്കുന്ന വഞ്ചിയും വലയും യമഹ എഞ്ചിനും നശിപ്പിച്ചതായും വീട്ടുകാർ പറഞ്ഞു.

വടക്കാത്ത് സ്വാലിഹ ഉമ്മ എന്നവരുടെ വീട്ടിലെ രണ്ട് പ്ലാസ്റ്റിക് കസേര മൂന്ന് സ്റ്റൂൾ എന്നിവയ്ക്കും പറമ്പേരി ഹനീഫയുടെ വീടിന്റെ മേൽകൂരയ്ക്കും വീടിന്റെ ഉള്ളിലെ സാധനങ്ങൾക്കും കേടുവരുത്തിയതായി കണ്ടു. കുറ്റിക്കാടൻ വീട്ടിൽ അബ്ബാസിന്റെ വീടിന്റെ ജനൽപാളികൾ സ്വിച്ച് ബോർഡ് എന്നിവ തകർത്ത നിലയിൽ കണ്ടു.

ചാലന്റെ പുരയ്ക്കൽ ആമിനക്കുട്ടിയുടെ വീടിന്റെ ഓടിട്ട മേൽക്കൂര തകർത്തതായും വീട്ടിലെ അലമാര, കസേര, വീട്ടു സാധനങ്ങൾ ഷീറ്റ്കൊണ്ട് നിർമ്മിച്ച അടുക്കള എന്നിവ നശിപ്പിച്ചതായും കണ്ടു.

ഫൗറാജിന്റെ പുരയ്ക്കൽ ഖദീജയുടെ വീട്ടിലെ കസേര, അലമാര, ജനൽ, കട്ടിൽ എന്നിവയും മോട്ടോറും നശിപ്പിച്ച നിലയിൽ കണ്ടു. കുഞ്ഞീന്റെ പുരയ്ക്കൽ സൈനയുടെ വീട്ടിലെ കട്ടിൽ, ജനൽ, അലമാര, മോട്ടോർ, ജനൽപാളികൾ, വസ്ത്രങ്ങൾ എന്നിവ തീ കത്തിച്ച് നശിപ്പിച്ചതായി കണ്ടു.

പുത്തൻവീട്ടിൽ അഷറഫിന്റെ വീടിന്റെ 3 ജനൽപാളികൾ , ബാത്ത് റൂം, പൈപ്പ്, മോട്ടോർ എന്നിവ നശിപ്പിച്ചതായി കണ്ടു.

ഫൗറാജിന്റെ പുരയ്ക്കൽ താഹിറ എന്നിവരുടെ വീടിന്റെ ഓടിട്ട മേൽക്കൂര, കതക്, വീട്ടിലുണ്ടായിരുന്ന ടി.വി, കസേര, അലമാര, ബക്കറ്റ് എന്നി

വ നശിപ്പിച്ചതായി കണ്ടു. 50,000 രൂപ വീട്ടിൽ നിന്ന് മോഷ്ടിച്ചതായും വീട്ടുകാർ പറഞ്ഞു.

ചെറുപുരയ്ക്കൽ അഷറഫിന്റെ വീടിന്റെ മേൽക്കൂര, വാതിൽ എന്നിവയും വീട്ടിൽ ഉണ്ടായിരുന്ന കസേര, മേശ, ടി.വി എന്നിവയും പുറത്ത് സൂക്ഷിച്ചിരുന്ന ബൈക്ക് എന്നിവയും നശിപ്പിച്ചതായി കണ്ടു. വീട്ടിൽ സൂക്ഷിച്ചിരുന്ന 30,000 രൂപ മോഷ്ടിച്ചതായും വീട്ടുകാർ പറഞ്ഞു.

ഒൻമാനകത്ത് ഹംസ ബാവയുടെ നെത്തൽവല(1300 കിലോ തൂക്കം വരുന്ന വല ആയിരുന്നു എന്നും 25 ലക്ഷം രൂപ വിലവരുന്ന വല ആയിരുന്നു എന്നും സ്ഥലത്ത് കൂടിയവർ പറഞ്ഞു) പൂർണ്ണമായും കത്തിച്ചതായി കണ്ടു. ടിയാന്റെ ലൈൻ കെട്ടിടത്തിലെ രണ്ട് കടമുറികളും ഒരു മുറിയിൽ ഉണ്ടായിരുന്ന വാട്ടർ ബെഡ്, സ്റ്റൂളുകൾ, കസേരകൾ, ആംപ്ലിഫയർ എന്നിവ തീകത്തിച്ച് നശിപ്പിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞു. കെട്ടിടത്തിന് മാത്രം 2 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി എന്ന് പറയുന്നു. കെട്ടിടത്തിന്റെ കോമ്പൗണ്ടിൽ പാർക്കു ചെയ്തിരുന്ന കെ.എൽ55 എം 6267 നമ്പർ വാഹനവും തീയിട്ട് നശിപ്പിച്ച നിലയിൽ കണ്ടു.

കാളാട്ട് ബഷീറിന്റെ വീടിന്റെ 12 ജനൽ ഗ്ലാസ് പൊട്ടിച്ചതായും ജലവിതരണ സംവിധാനം താറുമാറാക്കിയതായും ടിയാന്റെ വല (രണ്ട് സെറ്റ് ഐക്കറന്റെ വല) 3 എഞ്ചിൻ, ഷെഡ് എന്നിവ തീയിട്ട് നശിപ്പിച്ചതായും കണ്ടു. ടിയാന്റെ 3 ബാരൽ എണ്ണ നശിപ്പിച്ചതായി പറയുന്നു. വീട്ടിൽനിന്ന് 3 പവന്റെ സ്വർണ്ണവും 10000 രൂപയും മോഷ്ടിച്ചതായും ബഷീറിന് ആകെ 20 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായും പറഞ്ഞു.

പൗറകത്ത് മുനീർ കടപ്പുറത്ത് വളർത്തിയിരുന്ന 75 മത്സരപ്രാവുകളേയും 8 കുഞ്ഞുങ്ങളേയും തീയിട്ട് കൊന്നതായി പറഞ്ഞു.

കോയസന്റെ പുരയ്ക്കൽ നിൽഫാറിന്റെ പലചരക്ക് കട, ഫ്രിഡ്ജ് അലമാര, മേശ, സ്റ്റാന്റ് എന്നിവയും സാധനസാമഗ്രികളും വീടിന്റെ 6 ജനൽ പാളികളും തകർത്ത നിലയിൽ കണ്ടു.

ചെട്ടിയാന്റെ ഹസൻബാവയുടെ വീടിന്റെ ജനൽ ചില്ല്, പൈപ്പ് എന്നിവ തകർന്ന നിലയിൽ കണ്ടു.

കുറ്റിക്കാടൻ വീട്ടിൽ അബ്ബാസിന്റെ ഭാര്യ പറയുന്നത് ടിയാളുടെ 9ാം ക്ലാസിൽ പഠിക്കുന്ന മകൾ അഫ്സീനയെ മാണ്ടന്റെ പുരയ്ക്കൽ ഇസ്ഹാഖ് ഊരയ്ക്കും പുറത്തും ചവിട്ടി എന്നും മകളുടെ കരച്ചിൽകേട്ട് ഓടിവന്ന

ടിയാളെ ഇസ്ഹാഖ് മാനഭംഗപ്പെടുത്താൻ ശ്രമിച്ചു എന്നുമാണ്. കമ്മീഷന്റെ സന്ദർശന സമയത്ത് സ്ഥലത്ത് കൂടിയവരിൽ ചിലർ പറഞ്ഞത് മേൽ പറഞ്ഞ സംഭവമാണ് പിന്നീടുണ്ടായ സംഘർഷത്തിന് കാരണമായത് എന്നാണ്.

4. മേൽപറഞ്ഞ സംഭവത്തിന്റേയും നാശനഷ്ടങ്ങൾ വരുത്തിയതിന്റെയും ഉത്തരവാദികൾ മുസ്‌ലിം ലീഗ് പ്രവർത്തകരും സി.പി.എം പ്രവർത്തകരുമാണ്. പുലർച്ചെ രണ്ടുമണിയോടെ പോലീസ് സ്ഥലത്തുനിന്നും ഇരുകൂട്ടരിലുംപെട്ട ആളുകളെ അറസ്റ്റ് ചെയ്ത് കൊണ്ടുപോയതിനാലാണ് സ്ഥലത്ത് പിന്നീട് നാശനഷ്ടങ്ങൾ ഉണ്ടാകാതിരുന്നത്. പോലീസ് സ്ഥലത്ത് വന്ന് ആളുകളെ അറസ്റ്റ് ചെയ്തില്ലായിരുന്നെങ്കിൽ ആ പ്രദേശത്തെ ഒട്ടുമിക്കവീടുകളും സംഘർഷത്തിന്റെ ഫലമായി നശിപ്പിക്കുമായിരുന്നു.

5. അതുപോലെ താനൂർ-ഊട്ടുംപുറം-അഴിമുഖം റോഡിൽ മുസ്‌ലിം ലീഗ് പ്രവർത്തകരും സി.പി.എം പ്രവർത്തകരും തമ്മിൽ ഏറ്റുമുട്ടിയപ്പോൾ പോലീസ് എത്തി ഇരുകൂട്ടരേയും പിരിച്ചുവിട്ടതിനാൽ കൂടുതൽ അനിഷ്ട സംഭവങ്ങളും ആൾനാശവും ഉണ്ടായില്ല. സംഘട്ടനത്തെ തടഞ്ഞ പോലീസുകാർക്ക് പരിക്കു പറ്റിയെങ്കിലും അവർ ആത്മാർഥമായി അവരുടെ ഡ്യൂട്ടി ചെയ്തതിനാൽ കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതെ ഇരു കൂട്ടരേയും സ്ഥലത്തുനിന്ന് പിരിച്ചുവിടാൻ സാധിച്ചു എന്ന് സാഹചര്യങ്ങൾ കൊണ്ട് മനസ്സിലായി.

6. താനൂർ -ഊട്ടുംപുറം-അഴിമുഖം റോഡിൽ ഏറ്റുമുട്ടിയ മുസ്‌ലിം ലീഗ്, സി.പി.എം പ്രവർത്തകരെ പോലീസ് പിരിച്ചുവിട്ടതിനു ശേഷം ക്യാമ്പിൽനിന്ന് സംഘർഷ പ്രദേശത്ത് എത്തിയ പോലീസുകാർ താനൂർ-ഊട്ടുംപുറം- അഴിമുഖം റോഡിന് ഇരുവശവും താമസിക്കുന്ന ചിലരുടെ വീടിന്റെ കോമ്പൗണ്ടിലേക്ക് പ്രവേശിച്ച് വീടിനും കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന കാർ, ഓട്ടോറിക്ഷ മുതലായ വാഹനങ്ങൾക്കും കേടുവരുത്തി എന്നും നിരപരാധികളായ ആളുകളെ ആ വീടുകളിൽനിന്നും പിടിച്ചുകൊണ്ടുപോയെന്നും, അവരുടെ ഷീറ്റ് കൊണ്ട് നിർമിച്ച വേലികൾ നശിപ്പിച്ചു എന്നും സ്ഥലത്ത് കൂടിയവരിൽ ചിലർ പോലീസിനെതിരെ പരാതി പറഞ്ഞതിനാൽ ആ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കാൻ മേൽപറഞ്ഞ റോഡിന്റെ ഇരുവശങ്ങളിലും താമസിക്കുന്നവരെ നേരിൽ കണ്ട് അവരിൽ നിന്ന് ചോദിച്ചറിഞ്ഞ കാര്യവും കമ്മീഷന് നേരിൽ കാണാൻ കഴിഞ്ഞ കാ

ര്യവും താഴെ പ്രസ്താവിക്കുന്നു.

വെളൂകടവത്ത് സെയ്ദലവിയുടെ വീടിന്റെ ജനൽ പാളികൾ തകർത്തതായും വീടിന്റെ കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന കെ.എൽ 55 യു 6408 നമ്പർ കാറിന്റെ രണ്ട് ഗ്ലാസ്സുകൾ പൊട്ടിച്ചതായും കെ.എൽ 55 എച്ച് 4017 ആട്ടോറിക്ഷക്ക് നാശം വരുത്തിയതായും കാണപ്പെട്ടു.

പരീക്കടവത്ത് സെയ്ദുമോൻ എന്ന ആളുടെ ഷീറ്റുകൊണ്ട് നിർമിച്ച വേലിക്ക് നാശം വരുത്തിയതായി കണ്ടു. ടിയാന്റെ മകൻ 20 വയസ്സ് പ്രായമുള്ള സയ്യിദ് അഹമ്മദിനെ പോലിസ് കസ്റ്റഡിയിൽ എടുത്ത് കൊണ്ടുപോയതായി പറഞ്ഞു.

മുൻ പഞ്ചായത്ത് പ്രസിഡന്റായ മൂസാന്റെ പുരയ്ക്കൽ അഷറഫിന്റെ വീടിന്റെ ജനലുകൾ അടിച്ച് പൊളിച്ചതായി കണ്ടു. ജനൽ അടിച്ച് പൊളിച്ച് പോലീസ് വീടിനകത്ത് കയറിയതായി പറഞ്ഞു.

പരീക്കടത്ത് സുമയ്യയുടെ വീടിന്റെ കോമ്പൗണ്ടിന്റെ വേലിക്കും കോമ്പൗണ്ടിൽ സൂക്ഷിച്ചിരുന്ന ബൈക്കിനും നാശം വരുത്തിയതായി കണ്ടു. ടിയാളുടെ വീട്ടിൽനിന്ന് 40 വയ്സുള്ള ഫാറൂഖിനെ പോലീസ് കസ്റ്റഡിയിൽ എടുത്ത് കൊണ്ടുപോയതായി പറഞ്ഞു.

കുട്ടിഅച്ചിന്റെ പുരയ്ക്കൽ അബ്ദുൽ ഖാദറിന്റെ വീടിന്റെ കോമ്പൗണ്ടിന്റെ വേലിക്ക് നാശം വരുത്തിയതായി കണ്ടു.

മക്കിച്ചിന്റെ പുരയ്ക്കൽ മൊയ്തീൻ ബാവയുടെ വീടിന്റെ കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന കെ.എൽ 55 സി 411 നമ്പർ ഓട്ടോറിക്ഷക്ക് നാശം വരുത്തിയതായി കണ്ടു. ടിയാന്റെ വീടിന്റെ ജനലുകൾ പോലീസ് തുറന്നതായും വാതിൽ ചവിട്ടിതുറന്നതായും പറഞ്ഞു.

കുട്ടിയച്ചന്റെ പുരയ്ക്കൽ ആമിനയുടെ വീടിന്റെ കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന ഒരു ഓട്ടോറിക്ഷ, ഒരു ഗുഡ്സ് ഓട്ടോറിക്ഷ, ഒരു ബൈക്ക് എന്നിവ അടിച്ച് തകർത്തതായി കണ്ടു. വീടിന്റെ 4 ജനൽ നശിപ്പിച്ചതായി കണ്ടു. ഒരു ഗ്യാസ് സിലിണ്ടർ പോലീസ് എടുത്ത് കൊണ്ടുപോയതായി പറഞ്ഞു.

എടയ്ക്കാംമാടത്ത് കോയ എന്ന ആളുടെ വീടിന്റെ ജനാലകൾ അടിച്ചു തകർത്തതായും വീടിന്റെ കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന ഓട്ടോറിക്ഷ നശിപ്പിച്ചതായും കണ്ടു.

വീരാംകാനകത്ത് അക്ബർ എന്ന ആളുടെ വീടിന്റെ ജനലിനും വാതി

ലിനും കേട് വരുത്തിയതായി കണ്ടു. ടിയാന്റെ രണ്ട് മക്കളെ പോലീസ് കസ്റ്റഡിയിൽ എടുത്ത് കൊണ്ടുപോയതായും 25,000 രൂപ മോഷണം പോയതായും പറഞ്ഞു.

അലികാക്കന്റെ പുരയ്ക്കൽ നാസറിന്റെ വീടിന്റെ ജനൽ, പൈപ്പ് എന്നിവ നശിപ്പിച്ചതായി കണ്ടു. നാസറിനെ പോലീസ് കസ്റ്റഡിയിൽ എടുത്ത് കൊണ്ടുപോയതായി പറഞ്ഞു.

എടയ്ക്കാം മാടത്ത് സെയ്ദലിയുടെ വീടിന്റെ ജനൽപാളിയും വാതിലും തകർത്തതായി കണ്ടു. ടിയാന്റെ വീട്ടിലെ പ്ലസ്ടു കഴിഞ്ഞു നിൽക്കുന്ന ഫാറൂഖിനെ പോലീസ് കൊണ്ടുപോയതായി പറഞ്ഞു.

വീരാംകാനകത്ത് ഹംസയുടെ വീടിന്റെ ജനാലകൾ നശിപ്പിച്ചതായി കണ്ടു. ടിയാന്റെ കെ.എൽ55 ജെ 9803, കെ.എൽ55 സി 8699 എന്നീ വാഹനങ്ങളുടെ ഗ്ലാസ്സ് പൊട്ടിച്ചതായി കണ്ടു. ടി വീട്ടിൽനിന്നും 33 വയസ്സുള്ള ഇഖ്ബാൽ, 22 വയസ്സുള്ള റിസ്‌വാൻ എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തു എന്ന് പറഞ്ഞു.

മൂസാന്റെ പുരയ്ക്കൽ സെയ്ദ്മോന്റെ വീടിന്റെ ജനൽപാളികൾ അടിച്ചുതകർത്തതായും വീടിന്റെ വാതിൽ ഇടിച്ചു പൊളിച്ചതായും കെ.എൽ.55 സി 6042 കാറിന് നാശം വരുത്തിയതായും കണ്ടു.

കുപ്പന്റെ പുരയ്ക്കൽ ഉസ്മാന്റെ വീടിന്റെ ജനൽ ചില്ല് പൊട്ടിച്ചതായും കെ.എൽ 9745 നമ്പർ കാർ, കെ.എൽ55 പി 1117 ഓട്ടോറിക്ഷ, കെ.എൽ 9വി 3915 മ്പർ കാർ എന്നീ വാഹനങ്ങളുടെ ഗ്ലാസ്സ് നശിപ്പിച്ചതായും കണ്ടു.

ചേക്കന്റെ പുരയ്ക്കൽ ജലാലിന്റെ 300 ലിറ്റർ ഡീസൽ ക്യാനിൽ സൂക്ഷിച്ചിരുന്നത് തട്ടി കമഴ്ത്തി നശിപ്പിച്ചതായി പറഞ്ഞു. ഡീസൽ കമഴ്ത്തി നശിപ്പിച്ചതിന്റെ ലക്ഷണം സ്ഥലത്ത് കണ്ടു.

അമ്മിച്ചിന്റെ പുരയ്ക്കൽ ബാപ്പുട്ടിയുടെ കെ.എൽ55 പി 3629 എന്ന വാഹനത്തിന്റെ ഗ്ലാസ്സുകൾ പൊട്ടിച്ചതായും കെ.എൽ.20 എച്ച് 7266 ഓട്ടോറിക്ഷ നശിപ്പിച്ചതായും കണ്ടു.

ചേക്കാംമാടത്ത് യൂസുഫിന്റെ വീടിന്റെ ജനൽ, മാരുതി കാറിന്റെ രണ്ട് സൈഡ് ഗ്ലാസ്സ്, പുറകിലത്തെ ഗ്ലാസ്സ്, ഓട്ടോറിക്ഷ എന്നിവയ്ക്കു നാശം വരുത്തിയതായി കാണപ്പെട്ടു.

7. മുകളിൽ പറഞ്ഞ നാശനഷ്ടങ്ങൾ വരുത്തിയത് ക്യാമ്പിൽനിന്ന് സംഘർഷ സ്ഥലത്ത് എത്തിയ പോലീസുകാരാണെന്ന് സന്ദർശന സമ

യം കമ്മീഷനോട് സംഭവങ്ങൾ വിവരിച്ചവരിൽനിന്നും മനസ്സിലായി. ക്യാമ്പിൽനിന്ന് എത്തിയ പോലീസുകാരുടെ പ്രവർത്തികൊണ്ട് നഷ്ടം സംഭവിച്ച റോഡിന്റെ ഇരുവശത്തും താമസിക്കുന്നവരുമായ വെളുകടവത്ത് സെയ്ദലവി, പരീക്കടവത്ത് സെയ്ദുമോൻ, മൂസാന്റെ പുരയ്ക്കൽ അഷറഫ്, പരീക്കടവത്ത് സുമയ്യ, കുട്ടിഅച്ചിന്റെ പുരയ്ക്കൽ അബ്ദുൽഖാദർ, മക്കിച്ചിന്റെ പുരയ്ക്കൽ മൊയ്തീൻബാവ, കുട്ടിയച്ചന്റെ പുരയ്ക്കൽ ആമിന, എടയ്ക്കാംമടത്ത് കോയ, വീരാംകാനകത്ത് അക്ബർ, അലി കാക്കന്റെ പുരയ്ക്കൽ നാസർ, എടയ്ക്കാം മാടത്ത് സെയ്ദലി, വീരാംകാനകത്ത് ഹംസ, മൂസാന്റെ പുരയ്ക്കൽ സെയ്ദ് മോൻ, കുപ്പന്റെ പുരയ്ക്കൽ ഉസ്മാൻ, ചേക്കന്റെ പുരയ്ക്കൽ ജലാൽ, അമ്മിച്ചിന്റെ പുരയ്ക്കൽ ബാപ്പുട്ടി, ചേക്കാംമാടത്ത് യൂസുഫ് എന്നിവർ മുസ്ലിംലീഗ് പ്രവർത്തകരോ, സി.പി.എം പ്രവർത്തകരോ അല്ല എന്നും സ്ഥലത്തുണ്ടായ സംഘർഷത്തിൽ അവർ ഉൾപ്പെട്ടിരുന്നില്ല എന്നും അവർ മറ്റു രാഷ്ട്രീയ പാർട്ടികളിൽ പെട്ടവരാണെന്നും കമ്മീഷന്റെ സന്ദർശന വേളയിൽ മനസ്സിലാക്കാൻ കഴിഞ്ഞു.

8. സംഘർഷ പ്രദേശത്തെ നിലവിലുള്ള പ്രധാന റോഡ് താനൂർ-ഊട്ടുംപുറം-അഴിമുഖം റോഡ് മാത്രമാണ്. ഈ റോഡ് പോകുന്ന ചില ഭാഗങ്ങളിൽ റോഡിന്റെ ഇരുഭാഗത്തുമായി ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയിൽപെട്ടവർ മാത്രം കൂട്ടമായി താമസിക്കുന്നതുകൊണ്ട് എതിർ രാഷ്ട്രീയപാർട്ടിയിൽ പെട്ടവർ ആ ഭാഗത്തുകൂടി യാത്ര ചെയ്യുമ്പോൾ കൂട്ടമായി താമസിക്കുന്നവർ പോർവിളി നടത്തുകയും സംഘർഷ സാധ്യത ഉടലെടുക്കുകയും ചെയ്യാറുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിനൊരു പരിഹാരമായി നാട്ടുകാർ നിർദേശിച്ചത് ഈ പ്രദേശത്തുള്ള കളരിപ്പടി ബദർ പള്ളി ടിപ്പുസുൽത്താൻ റോഡിന്റെ തുടർച്ചയായി കനോലി കനാലിന് കുറുകെ ഒരു പാലം നിർമിച്ചാൽ ഒരു സമാന്തര റോഡ് ഉണ്ടാകുകയും ഒരേ പാർട്ടിയിൽപ്പെട്ടവർ കൂട്ടമായി താമസിക്കുന്ന സ്ഥലം ഒഴിവാക്കി

എതിർപാർട്ടിയിൽപ്പെട്ടവർക്ക് സഞ്ചരിക്കാൻ സാധിക്കുകയും അതുവഴി സംഘർഷ സാധ്യത ഒഴിവാക്കാൻ സാധിക്കുന്നതുമാണ് എന്നാണ്.

9. സംഘർഷ മേഘല മുസ്ലിം ന്യൂനപക്ഷ സമുദായത്തിൽ പെട്ടവർ തിങ്ങിപ്പാർക്കുന്ന മേഖലയാണ്. ഇവിടെ ഒരു എയ്ഡഡ് എൽ.പി സ്കൂൾ മാത്രമാണ് ഉള്ളത്. അതിൽ ഉദ്ദേശം 197 കുട്ടികൾ പഠിക്കുന്നു. 3 കി.മീ പരിധിക്കുള്ളിൽ വേറെ സ്കൂൾ ഇല്ല. മൂന്ന് കി.മീ പരിധി കഴിഞ്ഞ് മാത്രമേ

യു.പി, എച്ച്.എസ്. ഉള്ളൂ. സംഘർഷ മേഘലയിൽ താമസിക്കുന്ന ഭൂരിഭാഗം പേരും പാവപ്പെട്ടവരും പുരുഷന്മാർ കടലിൽ പോയി ഉപജീവനം നടത്തുന്നവരുമാണ്. സർക്കാരിൽ ഏറ്റവും താഴ്ന്ന തസ്തികയിൽ പോലും ജോലി ചെയ്യുന്ന ഒരാളും സംഘർഷ മേഖലയിൽ ഇല്ല എന്നാണ് അന്വേഷണത്തിൽ മനസ്സിലായത്. ഈ സാഹചര്യം കണക്കിലെടുത്ത് ഈ പ്രദേശത്തെ കുട്ടികളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടതായ കാര്യങ്ങൾ ഈ പ്രദേശത്ത് നടപ്പിലാക്കേണ്ടതാണ്.

10. സംഘർഷ മേഖലയിൽ ശുദ്ധജല ലഭ്യത തീരെ കുറവാണ്. ഇത് പ്രദേശ നിവാസികളുടെ ആരോഗ്യത്തെ ബാധിക്കുന്ന പ്രശ്നമായതിനാൽ ഇതിന് ഒരു പരിഹാരം എത്രയും വേഗം ഉണ്ടാകേണ്ടതായിട്ടുണ്ട്.

11. മേൽപറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും കണക്കി ലെടുത്ത് മലപ്പുറം ജില്ലയിൽ സംഘർഷ മേഖലകളായ താനൂരിലെ ചാപ്പപ്പടി, കോർമൻ കടപ്പുറം, ആൽബസാർ തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുന്ന മുസ്ലിം ന്യൂനപക്ഷ സമുദായത്തിൽപെട്ടവരുടെ സംരക്ഷണത്തിനും ക്ഷേമത്തിനും വിദ്യാഭ്യാസ വികസനത്തിനും വേണ്ടി സർക്കാർ കൈകൊള്ളേണ്ട താഴെ പറയുന്ന നടപടികൾ ശുപാർശ ചെയ്യുന്നു.

ശ) 12.03.2017 തീയ്യതി രാത്രി ഉദ്ദേശം 9 മണിക്കും 10 മണിക്കും ഇടയിൽ താനൂരിൽ കോർമൻ കടപ്പുറത്ത് താനൂർ-ഊട്ടുംപുറം-അഴിമുഖം റോഡിൽ രണ്ട് വിഭാഗങ്ങളായി തിരിഞ്ഞ് നടന്ന ഏറ്റുമുട്ടലിനും അതിനെത്തുടർന്ന് ഇരുവിഭാഗക്കാരുടേയും വീടുകൾക്കും വലകൾക്കും വഞ്ചികൾക്കും എഞ്ചിനും മറ്റും നാശനഷ്ടം വരുത്തിയതിനും കാരണക്കാരായ യഥാർഥ വ്യക്തികളെ കണ്ടെത്തുന്നതിനും, ഇതുപോലുള്ള സംഭവങ്ങൾ മേലിൽ ഈ പ്രദേശത്ത് ഉണ്ടാകാതിരിക്കുന്നതിനും ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്റെ കീഴിൽ സമർത്ഥരായ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു അന്വേഷണം സംഘം ഉടനെ രൂപീകരിച്ച് മേൽപറഞ്ഞ സംഭവവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ അന്വേഷിക്കേണ്ടതാണ്. ടി സംഭവവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്ത് ജയിലിൽ റിമാന്റിൽ കഴിയുന്ന പ്രതികളിൽ ചിലർ നിരപരാധികളാണെന്നും സംഭവത്തിന് ഉത്തരവാദികളായവരിൽ ചിലർ പോലീസിന്റെ പിടിയിലായിട്ടില്ലെന്നും സ്ഥലവാസികളിൽ കുറേ പേർ അഭിപ്രായപ്പെട്ടതിനാൽ അന്വേഷണസംഘം ഈ വസ്തുതകൂടി പരിശോധിച്ച് നിരപരാധികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ അവരെ

കേസിൽനിന്നും ഒഴിവാക്കേണ്ടതും സംഭവങ്ങൾക്ക് ഉത്തരവാദികളായ എല്ലാവരേയും കണ്ടെത്തി നിയമത്തിനു മുമ്പിൽ കൊണ്ടുവരേണ്ടതാണ്.

ശശ) താനൂർ-ഊട്ടുംപുറം-അഴിമുഖം റോഡിന് ഇരുവശവും താമസിക്കുന്ന വെളുകടവത്ത് സൈയ്ദലവി, പരീക്കടവത്ത് സെയ്ദുമോൻ, മൂസാന്റെ പുരയ്ക്കൽ അഷറഫ്, പരീക്കടത്ത് സുമയ്യ, കുട്ടിഅച്ചിന്റെപുരയ്ക്കൽ അബ്ദുൽഖാദർ, മക്കിച്ചിന്റെ പുരയ്ക്കൽ മൊയ്തീൻ ബാവ, കുട്ടിയച്ചന്റെ പുരയ്ക്കൽ ആമിന, എടയ്ക്കാം മാടത്ത് കോയ, വീരംകാനകത്ത് അക്ബർ, അലികാക്കാന്റെ പുരയ്ക്കൽ നാസർ, എടയ്ക്കാംമാടത്ത് സെയ്ദലി, വീരാംകാനകത്ത് ഹംസ, മൂസാന്റെ പുരയ്ക്കൽ സെയ്ദ് മോൻ, കുപ്പന്റെ പുരയ്ക്കൽ ഉസ്മാൻ, ചേക്കന്റെപുരയ്ക്കൽ ജലാൽ, അമ്പിച്ചിന്റെ പുരയ്ക്കൽ ബാപ്പുട്ടി, ചേക്കാംമാടത്ത് യൂസുഫ് എന്നിവരുടെ വീടിന്റെ കോമ്പൗണ്ടിലേക്ക് ക്യാമ്പിൽനിന്ന് സംഘർഷ പ്രദേശത്ത് എത്തിയ പോലീസുകാർ പ്രവേശിച്ച് വീടുകൾക്കും കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന കാർ, ബൈക്ക്, ഓട്ടോറിക്ഷ മുതലായവക്കും നാശം വരുത്തിയതായും സന്ദർശന സമയം കമ്മീഷനോട് സംഭവങ്ങൾ വിവരിച്ചവരിൽനിന്നും കമ്മീഷന് മനസ്സിലായി. മേൽപറഞ്ഞവർ ഇരുവിഭാഗങ്ങായി തിരിഞ്ഞ് ഏറ്റുമുട്ടിയവരിൽ പെട്ടവരല്ലെന്നും സംഘർഷത്തിൽ അവർ ഉൾപ്പെട്ടിരുന്നില്ല എന്നും കമ്മീഷന്റെ സന്ദർശന വേളയിൽ മനസ്സിലാക്കാൻ കഴിഞ്ഞു. അവരുടെ വീടിനും മറ്റും വരുത്തിയ നാശനഷ്ടങ്ങൾ ഈ റിപ്പോർട്ടിൽ 5 മുതൽ 8 കൂടി പേജുകളിൽ വിശദമായി വിവരിച്ചിട്ടുണ്ട്. സംഘർഷത്തിൽ പങ്കാളികളാവാത്ത നിരപരാധികളായ മേൽപറഞ്ഞവർക്ക് ക്യാമ്പിൽ നിന്ന് എത്തിയ പോലീസുകാരുടെ പ്രവർത്തികൊണ്ടുണ്ടായ മുഴുവൻ നഷ്ടവും സർക്കാർ നൽകേണ്ടതാണ്. അവർക്കുണ്ടായ യഥാർഥ നഷ്ടം തിട്ടപ്പെടുത്താൻ ഒരു വിദഗ്ധ സമിതിയെ സർക്കാർ ഉടൻ രൂപീകരിക്കേണ്ടതും സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം മേൽപറഞ്ഞവർക്ക് ലഭ്യമാക്കേണ്ടതുമാണ്. മേൽപറഞ്ഞവരുടെ വീടുകളിൽനിന്ന് സയ്യിദ് അഹമ്മദ്, ഫാറൂഖ്, വീരാംകാനകത്ത് അക്ബറിന്റെ രണ്ട് മക്കൾ, നാസർ, സെയ്ദലിയുടെ മകൻ ഫാറൂഖ്, ഇഖ്ബാൽ, റിസ്വാൻ എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തു കൊണ്ടുപോയതായും കുട്ടിയച്ചന്റെ പുരയ്ക്കൽ ആമിനയുടെ ഒരു ഗ്യാസ് സിലിണ്ടർ പോലീസ് എടുത്തു കൊണ്ടുപോയതായും വീരാംകാനകത്ത് അക്ബർ എന്ന ആളുടെ വീട്ടിൽനിന്നും

25000 രൂപ മോഷണം പോയതായും പറയുന്നു. ഈ കാര്യങ്ങൾ പുതിയതായി രൂപീകരിക്കുന്ന അന്വേഷണ സംഘം പരിശോധിച്ച് നടപടി എടുക്കേണ്ടതാണ്.

ശശശ) താനൂർ-ഊട്ടുംപുറം-അഴിമുഖം റോഡിൽ 12.3.17 തീയതി രാത്രി 9നും 10നും ഇടയിൽ ഇരുവിഭാഗക്കാരും തമ്മിൽ ഏറ്റുമുട്ടിയശേഷം ഇരുവിഭാഗങ്ങളിൽ പെട്ടവരായ മാണ്ടന്റെ പുരയ്ക്കൽ ഹുസൈൻ, അരയരകത്ത് ആലിക്കുട്ടി, തച്ചിനകത്ത് ഹനീഫ, കുഞ്ഞച്ചിന്റെ പുരയ്ക്കൽ ഖാലിദ്, മമ്മാലകത്ത് ചെറിയബാവ, മാണ്ടന്റെ പുരയ്ക്കൽ ഇസ്ഹാഖ്, അരയരകത്ത് മുഹമ്മദലി, കുഞ്ഞിന്റെ പുരയ്ക്കൽ സാറാമക്കുട്ടി, അമ്പിച്ചന്റെ പുരയ്ക്കൽ സിദ്ദീഖ്, കാളാട്ട് അസൈനാർ, ആണ്ടികടവത്ത് മജീദ്, കോട്ടിൽ ഹംസകോയ, മമ്മാലകത്ത് ഇസ്ഹാഖ്, മമ്മാലകത്ത് മെയ്തീൻകോയ, പൊന്നാക്കാരൻ കുഞ്ഞാവ, കുഞ്ഞിച്ചിന്റെ പുരത്ത് സലാം, കുഞ്ഞിച്ചിന്റെ പുരയ്ക്കൽ ഇബ്രാഹിം, വടക്കാത്ത് സ്വാലിഹഉമ്മ, പറമ്പേരി ഹനീഫ, കുറ്റിക്കാടൻ വീട്ടിൽ അബ്ബാസ്, ചാലന്റെ പുരയ്ക്കൽ ആമിനക്കുട്ടി, ഫൗറാജിന്റെ പുരയ്ക്കൽ ഖദീജ, കുഞ്ഞീന്റെ പുരയ്ക്കൽ സൈന, പുത്തൻ വീട്ടിൽ അഷറഫ്, ഫൗറാജിന്റെ പുരയ്ക്കൽ താഹിറ, ചെറുപുരയ്ക്കൽ അഷറഫ്, ഒൽമാനകത്ത് ഹംസബാവ, കാളാട്ട് ബഷീർ, പാറകത്ത് മുനീർ, കോയസന്റെ പുരയ്ക്കൽ നിൽഫാർ, ചെട്ടിയാന്റെ ഹസൻബാവ എന്നിവരുടെ വീടുകൾക്കും വീട്ടുസാധനങ്ങൾക്കും ബൈക്കിനും വാഹനങ്ങൾക്കും വല, വഞ്ചി, എഞ്ചിൻ കടമുറികൾ മുതലായവക്കും സംഘർഷത്തിൽ നാശം സംഭവിച്ചിട്ടുണ്ട്. ഇതിൽ ചിലരുടെ വീടുകൾക്കും വലക്കും സാരമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. നിർധനരും നിരപരാധികളുമായവരുടെ വീടുകളാണ് കൂടുതലും നശിപ്പിക്കപ്പെട്ടത്. ഒരു വിദഗ്ധ സമിതിയെകൊണ്ട് നഷ്ടം കണക്കാക്കിയ ശേഷം നഷ്ടം സംഭവിച്ചവർക്ക് എത്രയും വേഗം സർക്കാർ നഷ്ടപരിഹാരം നൽകണം.

ശ്) താനൂർ തീരമേഖലകളായ കോർമൻ കടപ്പുറം, ചാപ്പപ്പടി, ആൽബസാർ തുടങ്ങിയ സ്ഥലങ്ങളിൽ മേലിൽ ഇതുപോലുള്ള സംഘർഷങ്ങൾ ഒഴിവാക്കുന്നതിനും ടി പ്രദേശങ്ങളിൽ സമാധാനം നിലനിർത്തുന്നതിനും ഉയർന്ന റവന്യൂ ഉദ്യോഗസ്ഥൻ അധ്യക്ഷനായും ബന്ധപ്പെട്ട പ്രദേശങ്ങളിലെ സാമൂഹ്യപ്രവർത്തകർ അംഗങ്ങളായും ഒരു ജാഗ്രതാ സമിതി രൂപീകരിക്കണം. ടി പ്രദേശങ്ങളിൽ സമാധാനം നിലനിർത്താനായി ജാഗ്രതാ സമി

തി സദാസമയം ശ്രദ്ധിക്കേണ്ടതും പോലീസ് സംവിധാനം ടി പ്രദേശങ്ങളിൽ ശരിയായ പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടതും പോലീസിന്റെ ഭാഗത്ത് വീഴ്ചകൾ കാണുകയാണെങ്കിൽ ആ കാര്യം ജില്ലാ പോലീസ് മേധാവിയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതുമാണ്.

ˇ) സംഘർഷ പ്രദേശത്തെ താനൂർ-ഊട്ടുംപുറം-അഴിമുഖം റോഡിന്റെ ഇരുഭാഗത്തുമായി ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവർ മാത്രം കൂട്ടമായി താമസിക്കുന്നതുകൊണ്ട് എതിർ രാഷ്ട്രീയ പാർട്ടിയിൽപെട്ടവർ ആ ഭാഗത്തുകൂടി യാത്ര ചെയ്യുമ്പോൾ കൂട്ടമായി താമസിക്കുന്നവർ പോർവിളി നടത്തുകയും സംഘർഷ സാധ്യത ഉടലെടുക്കുകയും ചെയ്യാറുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിനൊരു പരിഹാരം ഈ പ്രദേശത്തുള്ള കളരിപ്പടി-ബദർപള്ളി ടിപ്പുസുൽത്താൻ റോഡിന്റെ തുടർച്ചയായി കനോലി കനാലിന് കുറുകെ ഒരു പാലം നിർമിച്ചാൽ ഒരു സമാന്തര റോഡ് ഉണ്ടാകുകയും ഒരേ പാർട്ടിയിൽപെട്ടവർ കൂട്ടമായി താമസിക്കുന്ന സ്ഥലം ഒഴിവാക്കി എതിർപാർട്ടിയിൽ പെട്ടവർക്ക് സഞ്ചരിക്കാൻ സാധിക്കുകയും അതുവഴി സംഘർഷ സാദ്ധ്യത ഒഴിവാക്കാൻ സാധിക്കുന്നതുമാണ്. അതുകൊണ്ട് കളരിപ്പടി-ബദർ പള്ളി ടിപ്പുസുൽത്താൻ റോഡിന്റെ തുടർച്ചയായി കനോലി കനാലിന് കുറുകെ ഒരു പാലം നിർമിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

ˇശ) സംഘർഷ മേഖല മുസ്ലിം ന്യൂനപക്ഷ സമുദായത്തിൽ പെട്ടവർ തിങ്ങിപ്പാർക്കുന്ന മേഖലയാണ്. ഈ പ്രദേശത്ത് ഒരു എയ്ഡഡ് എൽ.പി സ്കൂൾ മാത്രമാണ് ഉള്ളത്. 3 കി.മീ പരിധിക്കുള്ളിൽ വേറെ സ്കൂൾ ഇല്ല. ഈ പ്രദേശത്ത് താമസിക്കുന്ന ഭൂരിഭാഗം പേരും പാവപ്പെട്ടവരും പുരുഷന്മാർ കടലിൽ പോയി ഉപജീവനം നടത്തുന്നവരുമാണ്. ഈ സാഹചര്യം കണക്കിലെടുത്ത് ഈ പ്രദേശത്തെ കുട്ടികളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്ക് നിലവിലുള്ള എയ്ഡഡ് എൽ.പി സ്കൂളിൽ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ കീഴിലെ എം.എസ്.ഡി.പി പദ്ധതി പ്രകാരം ഭൗതിക സാഹചര്യങ്ങൾ സർക്കാർ ഒരുക്കി വികസിപ്പിക്കുകയും ടി സ്കൂൾ യു.പി തലത്തിലേക്കും ഹൈസ്കൂൾ തലത്തിലേക്കും ക്രമേണ വർഷാവർഷം ഉയർത്തുകയും വേണം.

ˇശശ) സംഘർഷ മേഖലയിൽ ശുദ്ധജല ലഭ്യത തീരെ കുറവാണ്. ഇത് പ്രദേശവാസികളുടെ ആരോഗ്യത്തെ ബാധിക്കുന്ന പ്രശ്നമായതിനാൽ ഈ കാര്യത്തിൽ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ കീഴിലെ എം.എസ്.ഡി.പി പദ്ധതി പ്രകാരം സർക്കാർ എത്രയും വേഗം പ്രശ്നപരിഹാരം ഉണ്ടാക്കേണ്ടതാണ്.

## അദ്ധ്യായം 8

# ഉപസംഹാരം

ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസ പരവും ഭാഷാപരവുമായ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതിക ളിന്മേൽ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അ ധികാര സ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹാരനടപടി കൾ നിർദ്ദേശിക്കുകയും അത് സംബന്ധിച്ച് തുടർനടപടികൾ നിരീക്ഷിക്കു കയും ചെയ്യുക എന്നതാണ് 2013 ൽ നിലവിൽവന്ന സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ പ്രധാന ചുമതല.

നിലവിൽ രൂപീകരിക്കപ്പെട്ട കമ്മീഷൻ 2016 ഒക്ടോബർ 5-ാം തിയതി യാണ് ചുമതലയേറ്റത്. മുൻ കമ്മീഷന്റെ കാലാവധി 2016 ജൂൺ 9-ാം തിയ തി അവസാനിച്ചിരുന്നു. മുൻ കമ്മീഷന്റെ കാലാവധി തീർന്ന് ഏകദേശം നാല് മാസത്തിന് ശേഷമാണ് പുതിയ കമ്മീഷൻ രൂപീകരിക്കപ്പെട്ടത്. 2014 ലെ ന്യൂനപക്ഷ കമ്മീഷൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം പ രമാവധി ന്യൂനപക്ഷങ്ങൾക്ക് നീതി ഉറപ്പാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. റിപ്പോർ ട്ട് കാലയളവിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 28 സിറ്റിംഗുകളി ലായി നിരവധി പരാതികൾ പരിഹരിക്കപ്പെട്ടു.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് തിരുവനന്തപുരത്തെ ശാസ്തമം ഗലത്തുള്ള ആസ്ഥാനമന്ദിരമല്ലാതെ സംസ്ഥാനത്ത് മറ്റ് ആഫീസുകൾ ഒ ന്നുംതന്നെയില്ല. മാത്രമല്ല വളരെ കുറഞ്ഞ സ്റ്റാഫ് അംഗങ്ങൾ മാത്രമാണ് കമ്മീഷനുള്ളത്. സർക്കാർ ഓരോവർഷവും ബഡ്ജറ്റിലൂടെ അനുവദിക്കു ന്ന പരിമിതമായ ഗ്രാന്റ് ഇൻ എയ്ഡ് മാത്രമാണ് ഏക സാമ്പത്തിക സ്രോ തസ്സ്. കമ്മീഷൻ ഓഫീസിൽ ഒരു റിസർച്ച് ആഫീസർ, പബ്ലിക് റിലേഷൻ ആഫീസർ എന്നീ തസ്തികകളുടെ അഭാവം ഉണ്ട്. മാ ത്രമല്ല അംഗങ്ങൾക്ക് ഔദ്യോഗികവാഹന സൗകര്യം ഇല്ലാത്തതും കമ്മീ

ഷന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. പരിമിതമായ ഇത്തരം സാഹചര്യത്തിൽ പോലും കമ്മീഷൻ റിപ്പോർട്ട് കാലയളവിൽ വ്യക്തമായ നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിലെ മതന്യൂനപക്ഷങ്ങളുടെ സമഗ്രമായ വികസനത്തിനും ശാക്തീകരണത്തിനും അവകാശസംരക്ഷണത്തിനും കമ്മീഷൻ പ്രതിജ്ഞാബദ്ധരായിരിക്കും.

(ഒപ്പ്)
പി. കെ ഹനീഫ
ചെയർമാൻ

(ഒപ്പ്)
ബിന്ദു.എം.തോമസ്
മെമ്പർ